കാളിദാസന്റെ

# ഋതുസംഹാരം



AYATHIL, KILIKOLLOOR P.O. QUILON.
SPORTS CLUB

വിവർത്തകൻ
മാവേലിക്കര
അച്യുതൻ

3932

# ഋതുസംഹാരം

SAHITHYA VILASINI LIBRA
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB & G

(Malayalam)

Rithusamhara

Poems

**By KALIDASA**

Translated by
MAVELIKARA ACHYUTHAN
Sriniketan, N. Parur

First Published February 1961

Printed at
INDIA PRESS, KOTTAYAM

Price Re. 0. 90

Copyright
Mavelikara Achyuthan

Published by the Author

Distributors:
NATIONAL BOOKSTALL
Kottayam    Kerala State    India

3932

# ഋതുസംഹാരം

വിവൎത്തനം

**മാവേലിക്കര അച്യുതൻ**

എം. ഏ. (സംസ്കൃതം), എം. ഏ. (മലയാളം), എം. ഏ. (ഹിന്ദി)

SAHITHYA VILASINI LIBR.
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB & G M.

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 0.90

## മാവേലിക്കര അച്യുതന്റെ

## കൃതികൾ

| | |
|---|---|
| നീലത്തട്ടവും വെളുത്ത പൂക്കളും | (നോവൽ) |
| വെള്ളാമ്പലുകൾ | (കഥകൾ) |
| ഷോളിയും മറെറട്ടുകഥകളും | ,, |
| മറുനാടൻകഥകൾ | ,, |
| എച്ചിലിലമുതൽ ചന്ദ്രക്കലവരെ | ,, |
| മുന്തിരിക്കുല | (കവിതകൾ) |
| വനമുല്ല | (ഗാനകാവ്യം) |
| ഋതുസംഹാരം (വിവർത്തനം) | |
| അദ്ധ്യാപകൻ | (നാടകം) |

D44/60-61 1-1000

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB
3932

# ഋതുസംഹാരത്തെക്കുറിച്ച്

## ഒരു വിശ്വകാമുകൻ

കാലങ്ങളെ വർണ്ണിക്കുന്ന കലയിൽ ഇൻഡ്യൻ കവികൾ വിദഗ്ദ്ധന്മാരായിരുന്നു. കാളിദാസനിൽ ആ വൈദഗ്ദ്ധ്യം പരകോടിയിലെത്തിയിരുന്നു എന്നതിന് ഉത്തമോദാഹരണമാണ് ഋതുസംഹാരം. കാളിദാസന്റെ ദൃഷ്ടിയിൽ എല്ലാ കാലവും കാമികൾക്കു മാനസോല്ലാസകരംതന്നെ. ഹൃദയം സന്തുഷ്ടമാണെങ്കിൽ—പ്രേമനിർഭരമാണെങ്കിൽ ചുററുപാടുമുഴുവൻ നമ്മുടെ പാദസേവ ചെയ്യും എന്ന് കാളിദാസൻ ഈ കാവ്യത്തിലൂടെ തെളിയിക്കയാണു ചെയ്തിരിക്കുന്നത്. മാറി മാറി വരുന്ന കാലഭേദങ്ങൾ തങ്ങളുടെ ശൃംഗാരകേളികൾക്ക് എങ്ങനെ കളമൊരുക്കുന്നു എന്ന് ഒരു കാമുകൻ—അഥവാ വിശ്വകാമുകനായ കാളിദാസൻതന്നെ—തന്റെ പ്രാണപ്രേയസിയെ പറഞ്ഞു ധരിപ്പിക്കുന്ന മട്ടിലാണു ഋതുസംഹാരം രചിച്ചിരിക്കുന്നത്. സർഗ്ഗാന്തശ്ലോകങ്ങളിലെ സംബോധനകളും ആശംസകളും മററും ഇതിനു തെളിവാണ്. മധുരമോഹനമായ മധുവിധുകാലത്ത് നവദമ്പതികളിരുന്ന് സൈ്വരമായി നടത്തുന്ന സല്ലാപലീലയുടെ ഒരന്തരീക്ഷം ഈ കൃതിയിൽ ഉടനീളം ദൃശ്യമാണ്. ഈ കൃതിയിലെ നവഭാവനകളും കവിതയുടെ നൈസർഗ്ഗികധാരയും നമ്മെ കോരിത്തരിപ്പിക്കാൻ പര്യാപ്തമാണ്.

"വികാരപ്രകടനവേളയിലുള്ള മധുരമസൃണശൈലിയും കോമളകല്പനകൾ അണിനിരത്തുന്നതിലുള്ള ശില്പ

ചതുരതയും ലോകോത്തരകവികളുടെ ഇടയിൽ ഏകാന്തദീപ്തമായ ഒരു സ്ഥാനം കാളിദാസനു നേടിക്കൊടുത്തു. പ്രകൃതിയുടെ നിറംമാററങ്ങൾ കാമികളിൽ ചെലുത്തുന്ന സ്വാധീനതയെപ്പററി ഇത്ര വിദഗ്ദ്ധമായി മററാരും എഴുതിയിട്ടില്ല" എന്നു് ഇൻഡ്യൻകവിതയെപ്പറ്റി പരാമർശിക്കുന്ന ഒരിടത്തു് പ്രശസ്ത നിരൂപകനായ അലക്സാണ്ടർ ഹംബോൾട്ട് (മോണിയർ വില്യംസിന്റെ ശാകുന്തളം തർജ്ജമയിൽ) പ്രസ്താവിച്ചതു് ഋതുസംഹാരം കൂടി മനസ്സിൽ കണ്ടുകൊണ്ടാവണമെന്നു തോന്നുന്നു.

**ആദ്യത്തെ സ്പന്ദനം**

കുമാരസംഭവത്തിൻെറ ഗംഭീരതയോ രഘുവംശത്തിന്റെ പ്രൗഢതയോ ശാകുന്തളത്തിന്റെ പക്വതയോ ഋതുസംഹാരത്തിനവകാശപ്പെടാൻ സാദ്ധ്യമല്ല. ഇതു് ഋജുവും ലളിതവുമായ ഒരു കൃതിയാണു്. പക്ഷേ, ശാകുന്തളം എന്ന പക്വഫലം സംഭാവനചെയ്ത കാളിദാസഭാവനയുടെ ആദ്യത്തെ സ്പന്ദനം നമുക്കിതിൽ കേൾക്കാം. ഈ ഭാവസ്പന്ദനത്തിൻെറ അനുക്രമമായ വികാസമാണു് ഒരു വിശ്വമഹാകവിയെ സൃഷ്ടിച്ചതു് എന്ന കഥ നാം വിസ്മരിച്ചുകൂടാ.

**യഥാർത്ഥകവിത**

കവിത മധുരമാണു്. കാളിദാസകവിത മധുരതരം. അതിൽ ഋതുസംഹാരം മധുരതമവും. ഈ ആദ്യകാലകൃതി എങ്ങനെ മധുരതമമായി? കവിതയുടെ തനിസ്വഭാവം ഇതുൾക്കൊള്ളുന്നു എന്നതാണു കാരണം. മാനവവികാരങ്ങളിൽനിന്നും രൂപംപൂണ്ട സുന്ദരസങ്കല്പങ്ങൾ ഉൾക്കൊണ്ടു് താളലയാനുവിദ്ധമായി പ്രവഹി

ക്കുന്ന സുമധുരവാഗ്ധാരയാണ് യഥാർത്ഥകവിത. കവിതയുടെ മൗലികസ്വഭാവവിശേഷങ്ങൾ സവിശേഷം മേളിച്ചിരിക്കുന്ന ഒരു കൃതിയാണ് ഋതുസംഹാരം. ഇതു്, ഒരു പണ്ഡിതൻ അളവൊപ്പിച്ചു് അറുപ്പിച്ചെടുത്ത വാക്കുകളുടെ തട്ടുപലകകൾ ചേർത്തു തല്ലിക്കൂട്ടിയ ഒരു പത്തായപ്പുരയല്ല, പിന്നെയോ, ഭാവനാധനികനായ ഒരു നവതരുണന്റെ ഉള്ളിൽ തിങ്ങനിറഞ്ഞ വികാരവായ്പിന്റെ സ്വാഭാവികമായ ബഹിഃപ്രവാഹമാണ്. ശാകുന്തളാദികൃതികൾ കവിതമാത്രമല്ല, മററെന്തെല്ലാമോ കൂടിയാണ്. കുറതീൎന്ന—കുററമററ ആ വിശ്രുത കലാശില്പങ്ങളോടു കിടനില്ക്കാൻ ഋതുസംഹാരത്തിനാവില്ല. ഇതിൽ എടുപ്പുകളോ മതിൽക്കെട്ടുകളോ കിടങ്ങുകളോ ഒന്നുമില്ല. ഇതു് ഏകാന്തമായ ഗ്രാമരംഗത്തിൽ ഓമനത്തത്തിന്റെ പ്രതീകംപോലെ ഒതുങ്ങിനില്ക്കുന്ന ഒരോലക്കുടിൽ മാത്രം. പക്ഷേ, ഈ ഓലക്കുടിലിൽനിന്നും ഉയരുന്ന ഓടക്കുഴൽവിളിയെ അവഗണിക്കാൻ ഒരു ഹൃദയാലുവിനു കഴിയുമെന്നു തോന്നുന്നില്ല.

## ഋതുസംഹാരം എന്നുവെച്ചാൽ?

ഋതുക്കളെ സംഹരിക്കലല്ല സമാഹരിക്കലാണ് ഋതുസംഹാരം. സംഹാരമെന്ന വാക്കിനു് സമാഹാരമെന്നോ വിഹാരമെന്നോ ഇവിടെ അൎത്ഥം പറയാം. ഋതുക്കളുടെ ഉത്സവം (The pageant of seasons) എന്നാണ് ഇതിന്റെ ആംഗലപരിഭാഷ രചിച്ച ശ്രീ ആർ.എസ്സ്. പണ്ഡിറ്റ് ഇതിനെ വിളിച്ചതു്. ഹിന്ദുസ്ഥാനത്തിന്റെ 'രുബായിയാത്ത്' എന്നു് ഇതു് പ്രകീൎത്തിക്കപ്പെടുന്നു. ഗ്രീഷ്മം, വൎഷം, ശരത്ത്, ഹേമന്തം, ശിശിരം, വസന്തം എന്നീ ആറുകാലങ്ങളിൽ പ്രകൃതിയിലുണ്ടാകുന്ന

മാറ്റങ്ങളേയും ആ മാറ്റങ്ങൾ മാനവഹൃദയങ്ങളിലുണ്ടാക്കുന്ന വൈകാരികചലനങ്ങളേയും ഹൃദയസ്പർശിയായ ഭാഷയിൽ വർണ്ണിച്ചിരിക്കയാണതിൽ. ഗ്രീഷ്മത്തിൻെറ ഊഷ്മളതയും, മഴക്കാലത്തിൻെറ മധുരിമയും ശരത്തിന്റെ പരിശുദ്ധിയും ഹേമന്തത്തിൻെറ കുളിർമയും ശിശിരത്തിൻെറ ശീതളിമയും വസന്തത്തിൻെറ സുരഭിലതയും എല്ലാം ഇക്കൊച്ചുകാവ്യത്തിൽ കാളിദാസൻ വിദഗ്ദ്ധമായി ഒതുക്കിയിരിക്കയാണ്.

## ഋതുസംഹാരത്തിലെ തത്വചിന്ത

വേദാന്തചിന്തകളുടെ ദുസ്സഹമായ തണുപ്പിൽ മഞ്ഞുകട്ടപോലെ ഉറഞ്ഞു നിശ്ചലനായിക്കഴിയേണ്ടവനല്ല മനുഷ്യൻ, പിന്നെയോ ജീവിതാനന്ദത്തിൻെറ മധുരമുന്തിരി മോന്തി ഒരു വസന്തോത്സവംപോലെ സോത്സാഹം ദിനരാത്രങ്ങൾ രസിച്ചു രസിച്ചു കഴിയേണ്ടവനാണവൻ എന്നാണ് ഋതുസംഹാരത്തിലെ ഓരോ വരിയിലൂടെയും കാളിദാസൻെറ കാവ്യവിലാസിനി നമ്മോടു വിളിച്ചുപറയുന്നതു്. സൗന്ദര്യാസ്വാദനക്ഷമത കെട്ടുപോകാതെ നാം ജീവിക്കുന്ന പരിസരങ്ങളിലെ സന്തുഷ്ടിയുടെ ഒരൊററ ബിന്ദുപോലും നഷ്ടപ്പെടുത്തിക്കളയാതെ ദിവ്യാനന്ദമഗ്നരായി ദിവാനിശം എങ്ങനെ ജീവിക്കാം എന്നു് നമുക്കു മനസ്സിലാക്കിത്തരുകയാണിവിടെ കാളിദാസൻ ചെയ്യുന്നതു്. ഇതു് മരണത്തിൻെറ പരിഹാസമല്ല, ജീവിതത്തിൻെറ ഇതിഹാസമാണ്; വൈരാഗ്യത്തിൻെറ വിരസചരിത്രമല്ല, വൈകാരികാനുഭൂതികളുടെ സരസചിത്രമാണ്. ഇൻഡ്യൻസാഹിത്യകാരന്മാർ മിസ്റ്റിസിസത്തിലും വേദാന്തചിന്തയിലും മുഴുകി ജീവിതത്തിൻേറയും പ്രകൃതിയുടേയും സൗന്ദര്യം

കാണാതെ ഇരുളിൽ കഴിയുകയാണെന്നൊരു ധാരണ ഇൻഡ്യയെ ശരിയായി പഠിക്കാത്ത ചില പാശ്ചാത്യ നിരൂപകന്മാർ ഇന്നും വച്ചുപുലർത്തുന്നുണ്ടു്. ആ ആരോപണത്തിനൊരുശിരൻ മറുപടിയാണ് ഋതുസംഹാരം.

## വൃത്തബന്ധങ്ങൾ

ഈ ഖണ്ഡകാവ്യത്തിൽ വസന്തതിലകം, വംശസ്ഥം, മാലിനി തുടങ്ങി കർണ്ണമധുരങ്ങളായ എട്ടു സംസ്കൃതവൃത്തങ്ങളിൽ ഗ്രഥിച്ച 144 പദ്യങ്ങളാണടങ്ങിയിരിക്കുന്നതു്. ഓരോ ഭാഗം വർണ്ണിക്കുമ്പോഴും തദനുഗുണമായ വൃത്തം സ്വീകരിക്കുന്നതിൽ കാളിദാസൻ ശ്രദ്ധവെച്ചിരുന്നു. അതുകൊണ്ടു് മന്ദാക്രാന്താവൃത്തത്തിൽമാത്രം രചിച്ച മേഘസന്ദേശത്തിനു വന്നുപോയ വൈചിത്ര്യശൂന്യത ഇക്കൃതിയെ ബാധിച്ചില്ല. മേഘസന്ദേശത്തിൽ പൂർവ്വഭാഗത്തിൽ 63-ം ഉത്തരഭാഗത്തിൽ 52-ം അങ്ങനെ 115 പദ്യങ്ങൾ അഥവാ 460 വരികൾ മാത്രമാണുള്ളതു്. അപ്പോൾ ആദ്യം ജനിച്ചു എന്നതുകൊണ്ടു മാത്രമല്ല ആകൃതിമഹത്ത്വംകൊണ്ടും 576 വരികളുള്ള ഋതുസംഹാരം മേഘസന്ദേശത്തിൻെറ മൂത്ത സഹോദരിയാകാൻ യോഗ്യതന്നെ. പക്ഷേ, അനുജത്തി ബഹിരന്തഃസൗന്ദര്യത്തിന്റെ സമുചിതമേളനത്താൽ കൂടുതൽ പേരും പെരുമയുമാർജ്ജിച്ചു. മൂത്തവളാകട്ടെ, പിതൃത്വം തന്നെ ചോദ്യംചെയ്യപ്പെട്ട സ്ഥിതിയിലായിപ്പോകയും ചെയ്തു.

## കർത്താവു് കാളിദാസൻതന്നെയോ?

ഈ അവസരത്തിൽ ചോദ്യംചെയ്യപ്പെടുന്ന ആ പിതൃത്വത്തെപ്പററി ഒരന്വേഷണം നടത്തുന്നതു സമുചിതമായിരിക്കുമല്ലോ. ആരാണു് ഋതുസംഹാരത്തിന്റെ

രചയിതാവ്? "കാളിദാസൻതന്നെ." "കാളിദാസനാണോ എന്ന കാര്യത്തിൽ സന്ദേഹമുണ്ട്." ഇങ്ങനെ രണ്ടുത്തരങ്ങളാണിച്ചോദ്യത്തിനുള്ളതു്. മൂന്നാമതൊന്നു കേട്ടിട്ടില്ല. ആദ്യത്തെ ഉത്തരത്തിനുപിന്നിൽ പരമ്പരയാ കേട്ടുവരുന്ന കെട്ടുകഥകൾ കൂട്ടിനുണ്ട്. രണ്ടാമത്തേതു സംശയകോടിയിൽ നില്ക്കുന്നതേയുള്ളു. കാളിദാസനല്ലെങ്കിൽ ആരാണ് ഇക്കൃതി രചിച്ചതെന്നു ചോദിച്ചാൽ അവർക്കതിനുത്തരമില്ല. പരമ്പരയാ കേട്ടുവരുന്ന പ്രഥയെ അവഗണിച്ച്, ഋതുസംഹാരം രചിച്ചതു കാളിദാസനല്ലെന്നു പറയുന്നവർ അതിനു പോൽബലകമായി ഉന്നയിക്കുന്ന ഒരേ ഒരു തെളിവ് കാളിദാസൻെറ കവിതാഗുണങ്ങളൊന്നും ഇതിൽ കാണുന്നില്ല എന്നതാണ്. കേവലം ബാലിശമായ ഒരു പ്രസ്താവമാണതു്. വാദത്തിനുവേണ്ടി അതങ്ങു സമ്മതിച്ചാൽ തന്നെ, ഒരു കവിയുടെ എല്ലാ കൃതികളിലും ഒരേ അളവിൽ കാവ്യഗുണങ്ങൾ വേണമെന്നു ശഠിക്കുന്നതു യുക്തിസഹമാണോ? മഹത്തായ ഒരു കൃതിയിൽത്തന്നെ എല്ലാ ഭാഗങ്ങളും തുല്യസൗന്ദര്യം ഉൾക്കൊള്ളുന്നതാണോ? കലാപുഷ്കലമായ മേഘസന്ദേശത്തിൽ "കശ്ചിത് കാന്താവിരഹഗുരുണാ..."എന്ന,ഒഴുക്കൻമട്ടിലുള്ള പദ്യം രചിച്ച കവിതന്നെയല്ലേ രണ്ടാംഭാഗത്തിൽ "തന്വീ ശ്യാമാ ശിഖരിദശനാ പക്വബിംബാധരോഷ്ഠീ" എന്ന അതിസുന്ദരമായ ഒരു വാങ്മയചിത്രം വരച്ചുകാട്ടിയതു്.

ഋതുസംഹാരത്തിനു മററു കൃതികളെ അപേക്ഷിച്ച് ആഴം കുറവാണെങ്കിൽത്തന്നെ അതു ചെറുപ്പത്തിലെഴുതിയതുകൊണ്ടാവാൻ പാടില്ലേ? ഒരു കവി—അദ്ദേഹം എത്ര പ്രതിഭാസമ്പന്നനായാലും ഇരുപതാം വയ

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
S... SPORTS CLUB & G...

സ്സിലും അറുപതാം വയസ്സിലും ഒരേതരത്തിൽത്തന്നെ കവിതയെഴുതണമെന്നു ശാഠ്യംപിടിച്ചാൽ വല്ല ഫലവുമുണ്ടോ? അന്തരംഗപരിശോധനയിൽ കാളിദാസൻെറ ഹൃദയസ്പന്ദം ഋതുസംഹാരത്തിലെ ഓരോ വരിയിലും നമുക്കു കേൾക്കാം. "സുവാസിതം ഹർമ്മ്യതലം മനോജ്ഞം പ്രിയാമുഖോച്ഛ്വാസവികമ്പിതം മധു" തുടങ്ങിയ വരികളിലെ വൈദർഭീരീതിയിലുള്ള രചനാശൈലി കാളിദാസൻേറതാണെന്നു് കാളിദാസകവിത വായിച്ചിട്ടുള്ളവരോടു പ്രത്യേകം പറഞ്ഞറിയിക്കേണ്ട കാര്യമില്ല. ഋതുസംഹാരത്തിലെ ഓരോ ആശയത്തിൻേറയും അനുരണനം പില്ക്കാലകവിതകളിൽ നമുക്കു കേൾക്കാം.

"പുംസ്കോകിലശ്ചൂതരസാസവേന
മത്തഃ പ്രിയാം ചുംബതി രാഗഹൃഷ്ടഃ
കൂജദ്ദ്വിരേഫോപ്യയമംബുജസ്ഥഃ
പ്രിയം പ്രിയായാഃ പ്രകരോതി ചാടു."

ഋതുസംഹാരത്തിലെ ഈ ആശയം കുമാരസംഭവത്തിലെ വസന്തവർണ്ണനമായപ്പോഴേക്കു് എങ്ങനെ വികസിച്ചു എന്നു നോക്കുക:

"മധു ദ്വിരേഫഃ കുസുമൈകപാത്രേ
പപൗ പ്രിയാം സ്വാമനുവർത്തമാനഃ
ശൃംഗേണ ച സ്പർശനിമീലിതാക്ഷീം
മൃഗീമകണ്ഡൂയത കൃഷ്ണസാരഃ"

ഋതുസംഹാരം മറെറാരു കവിയുടേതാണെങ്കിൽ മഹാനായ കാളിദാസൻ അതനുകരിച്ചു എന്നു വരില്ലേ? മറിച്ചും വരാം എന്ന കഥ മറക്കുന്നില്ല. ഏതായാലും അങ്ങനെയൊന്നും വരില്ല. കാളിദാസൻ ആരെയെങ്കിലും

അനുകരിച്ചിട്ടുണ്ടെങ്കിൽ അതു കാളിദാസനെ മാത്രമാണ്. ഉദാഹരണത്തിനു ദൂരെയെങ്ങും പോകേണ്ടതില്ല. കുമാരസംഭവത്തിലെ മുൻചൊന്ന ആശയംതന്നെയല്ലേ "കൊമ്പിലിടത്തുകണ്ണുരസുന്ന മാൻപേട"യെപ്പററിപ്പറഞ്ഞപ്പോൾ ശാകുന്തളത്തിലും അദ്ദേഹം സ്വീകരിച്ചതു്. ഋതുസംഹാരത്തിൽ അങ്കുരാവസ്ഥയിൽ കണ്ട കുരുന്നു ഭാവനകളുടെ വികാസമാണ് അനന്തരകൃതികളിൽ കാണുന്നതെന്നുള്ളതിനു് ഇതുപോലെ എത്രയുദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാം. എടുത്തുപറയത്തക്ക മററൊരു വസ്തുത മണിരാമൻ തുടങ്ങിയ എല്ലാ വ്യാഖ്യാതാക്കളും ഇതു കാളിദാസവിരചിതംതന്നെയാണെന്നു് ഉറപ്പിച്ചുപറയുന്നുണ്ടു് എന്നതാണു്.

## ഇതിൻെറ പ്രത്യേകത

ഋതുസംഹാരത്തിൻെറ ഒരു പ്രത്യേകത ഇതിൽ ശൃംഗാരരസം കുറേ കവിഞ്ഞ തോതിൽ കലൻുപോയി എന്നുള്ളതാണു്. ഏതു രംഗം വർണ്ണിച്ചാലും കാളിദാസന്റെ കണ്ണുകൾ ചെന്നുപററുന്നതു് കാമിനിമാരിലാണു്. കാളിദാസൻ കാമോന്മാദത്തിൻെറ പരകോടിയിൽ കഴിഞ്ഞിരുന്ന ആ നവയൗവനകാലഘട്ടത്തിലെ വികാരത്തിന്റെ വിജൃംഭണം ഇതിലെ എല്ലാ ഭാഗത്തും നമുക്കനുഭവപ്പെടും. വെറുതേയല്ല വേദാന്തചിന്തയിൽ നീന്തിക്കുളിക്കുന്നവരുടെ മുമ്പിൽ ഇക്കൃതി ധിക്കൃതമായിപ്പോകുന്നതു്. കാലദേശങ്ങളുടെ നഗ്നങ്ങവർണ്ണനകളല്ല നാമിതിൽ കാണുന്നതു്. അവയുടെ കണ്ണും കരളും കവരുന്ന സൗന്ദര്യസമൃദ്ധികളെ ഒരു റീയലിസ്റ്റിക്ക് ക്യാൻവാസിൽ റൊമാൻറിസിസത്തിൻെറ കട്ടംചായം കലത്തി സർവ്വംകഷവും സമ്പൂർണ്ണവുമായി ചിത്രീകരിക്കയാണു്

ഭാവനാധനനായ കാളിദാസൻ ചെയ്തതു്. കാളിദാസഭാരതി പ്രാചീനഭാരതത്തിൻെറ തിളക്കമുള്ള ഒരു സ്ഫടികക്കണ്ണാടിയാണു്. അതിലൂടെ ഭൂമിയുടെ മുഖഭാവം മാറുന്ന മഹനീയചിത്രമാണു് നാം കാണുന്നതു്.

## തികച്ചും ഒരു പ്രേമകാവ്യം

ഋതുസംഹാരം തികച്ചും ഒരു പ്രേമകാവ്യമാണു്. ഉള്ളിൽ മുള്ളും മുനയുമുള്ള പരുക്കൻഹൃദയങ്ങൾക്കു് ഇതുപോലൊരു പ്രേമകാവ്യം ഭാവനചെയ്യാൻ കഴിയുകയില്ല. ഈ കൃതി ആകെ അരിച്ചുനോക്കുക. എന്താണു പ്രേമം എന്നു് ഒരിക്കലും കവി പറയുന്നില്ല. എങ്ങനെയാണു് പ്രേമം? അതു് മനുഷ്യൻെറ മനോമണ്ഡലത്തിൽ എന്തെല്ലാം അത്ഭുതവിക്രിയകളാണു നടത്തുന്നതു്. അതിനെപ്പററിയാണു് അദ്ദേഹത്തിനു പറയാനുള്ളതു്. അതദ്ദേഹത്തിനു വ്യക്തമായറിയാം. ശക്തമായ ശൈലിയിൽ അക്കാര്യം പറയുകയും ചെയ്തു. പക്ഷേ, ഉപബോധമനസ്സിൽ തിങ്ങിവിങ്ങിനിന്ന ഉൽക്കടവികാരങ്ങളെ അതേപടി ബഹിർഗ്ഗമിപ്പിച്ചതുകൊണ്ടാവാം ഇക്കാവ്യത്തിലെ ആശയങ്ങൾക്കു് ഒരടുക്കും ചിട്ടയും കിട്ടാതെ പോയതു്. ഈ കാവ്യത്തിൽ പലടത്തും കവിയെ ഒരു സർറീയലിസ്റ്റായിട്ടാണു നാം കാണുന്നതു്. ആശയാവർത്തനം എന്ന ദോഷവും പലടത്തും വന്നുപോയിട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ല.

## കാവ്യഭംഗി

പക്ഷേ, കാവ്യഭംഗിയിൽ ഋതുസംഹാരത്തെ കവച്ചുവയ്ക്കുന്ന കൃതികൾ അധികമില്ല. ഭൂമിയിലെ എല്ലാ ഭംഗികളും ഇതിൽ ഉപവർണ്ണിതമായിട്ടുണ്ടു്. ഹിന്ദുസ്ഥാന

ത്തിലൂടെ കാലം കാൽച്ചിലങ്ക കിലുക്കി കടന്നുപോകു ന്ന ഒരു പൂർണ്ണവത്സരത്തിൻെറ പുതുമനിറഞ്ഞ രംഗങ്ങ ളാണ് ആറ് ഋതുക്കളിലൂടെ കാളിദാസൻ നമ്മെ കാ ണിച്ചുതരുന്നതു്. മാമരച്ചില്ലകളും കാർമുകിൽമാലക ളും തെളിനീർച്ചോലകളും മഴവിൽക്കൊടികളും നീലമ യിലുകളും കോലക്കുയിലുകളും മഞ്ഞക്കിളികളും മ ഞ്ഞിൻതുള്ളികളും, പനിനീർപ്പൂക്കളും, താമരക്കുളങ്ങളു മെല്ലാം നിറഞ്ഞു് മഞ്ജിമയാർന്ന ഒരു സൗന്ദര്യലോകത്തി ന്റെ കവാടമാണ് കവി നമ്മുടെ മുമ്പിൽ തുറന്നിടുന്നതു്.

ആറു കാലങ്ങൾ

വേനലിൻെറ കൊടിയ ചൂടിനെപ്പററി വർണ്ണിച്ചു കൊണ്ടാണ് ഗ്രന്ഥം തുടങ്ങുന്നതു്. ചൂടു് അത്യുഗ്രമാ യി. കാടും കാട്ടുതീയും തമ്മിൽ ഒരു പോരാട്ടംതന്നെ നടക്കുന്നു. കൂട്ടത്തിൽ കാട്ടുതീയ്ക്കു കൂട്ടിനു് കൊടുങ്കാറ്റോ ടിയെത്തി. കാട്ടാനയും സിംഹവുമെല്ലാം വൈരംമറന്നു് ഒന്നിച്ചോടിച്ചെന്നു കാട്ടാറിൽ ചെന്നു ചാടുകയായി. പിന്നീടു് മഴമേഘങ്ങൾ അണിനിരന്നുതുടങ്ങി. ഇടിയും മിന്നലുംകൊണ്ടു് അന്തരീക്ഷം പ്രകമ്പിതമായി. പേമാ രി തുരുതുരാ ചൊരിഞ്ഞു. മണ്ണിൽ ഉറങ്ങിക്കിടന്ന വി ത്തുകളെല്ലാം കണ്ണുതുറന്നെണീററു് ഇലക്കുമ്പുകളാകുന്ന വിരൽത്തുമ്പുകൾ നീട്ടി ഹർഷപുളകിതരായി വർഷകാല ത്തിനു സ്വാഗതാഞ്ജലിയർപ്പിച്ചു.

പിന്നെയും തിരശ്ശീല വീണു. മഴ മാറി. ആകാശം തെളിഞ്ഞു. അമ്പിളിക്കല വിടർന്നു. താരാകുമാരികൾ ആ കാശത്തണിനിരന്നു് പുഞ്ചിരിചൊരിഞ്ഞു. വെള്ളിമേ ഘങ്ങളായ വെഞ്ചാമരം വീശി അവർ തങ്ങളുടെ രാജാ വിനെ ഉപചരിച്ചു. താമരക്കുളങ്ങളെല്ലാം സ്ഫടികനിർമ്മല

ങ്ങളായി. അരയന്നങ്ങൾ അവിടെങ്ങും നീന്തിത്തുടിച്ചു തുടങ്ങി.

പിന്നീട് സഖിമാരെപ്പോലെ ഹേമന്തവും ശിശിരവും ഒന്നിനുപുറകേ ഒന്നായി വന്നുതുടങ്ങി. മാമലകളും പൂമരങ്ങളുമെല്ലാം തണുത്തുമരവിച്ചു മഞ്ഞിന്റെ നീരാളം പുതച്ചു് നീണ്ട ഉറക്കമായിക്കഴിഞ്ഞു. അതുകഴിഞ്ഞു് അതാ ആഹ്ലാദത്തിന്റെ പൂക്കൂടയുമായി വസന്തദേവതയുടെ വരവായി. കുളിർകാററിളകി. തരുശിഖരങ്ങൾ ദളമർമ്മരങ്ങളാൽ ഉദയസൂര്യന്റെ ചെങ്കതിരുകളെ സ്വാഗതംചെയ്കയായി. കാട്ടാറുകൾ കളകളംപാടി പുളച്ചൊഴുകുന്നു. പച്ചക്കിളികൾ ചെല്ലച്ചിറകുകൾ വീശി പാടിപ്പറക്കുന്നു. വനവല്ലികൾ തളിരിട്ട ശാഖകൾ നീട്ടി വൃക്ഷകാമുകന്മാരെ ആലിംഗനംചെയ്തു. ആരാമങ്ങൾ കാമിനീമുഖകമലങ്ങൾപോലെ അഭിരാമങ്ങളായി. അങ്ങനെ ആറു കാലങ്ങളുടെ ആഡംബരസമന്വിതമായ ആറാട്ടെഴുന്നള്ളത്തു് നമ്മുടെ കൺമുമ്പിലൂടെ കടന്നുപോവുകയായി. അതോടെ ഋതുസംഹാരവും ഉപസംഹൃതമായി.

## അച്ചിട്ട ആദ്യത്തെ സംസ്കൃതപുസ്തകം

സർ വില്യം ജോൺസ് 1784ൽ-കൽക്കത്തയിൽ സ്ഥാപിച്ച റോയൽ ഏഷ്യാററിക്ക് സൊസൈററി സംസ്കൃതത്തിനുവേണ്ടി ചെയ്ത സേവനങ്ങൾ അനർഘങ്ങളായിരുന്നു. വില്യം ജോൺസന്റെ ശാകുന്തളംതർജ്ജമയിലൂടെയാണല്ലോ ഗേഥേ, ഹെർഡർ തുടങ്ങിയവർ കാളിദാസനെ ആദ്യമായി കണ്ടെത്തുതന്നെ. അദ്ദേഹം 1792-ൽ ആദ്യമായി ഋതുസംഹാരം പ്രസാധനം ചെയ്തു പ്രസിദ്ധീകരിച്ചു. ഇൻഡ്യയിൽ ആദ്യമായി

അച്ചടിച്ചിറങ്ങിയ സംസ്കൃതഗ്രന്ഥം അതായിരുന്നു. ഇതു് ഋതുസംഹാരത്തിന്റെ മഹിമാതിരേകത്തെയല്ലെങ്കിൽ മററെന്തിനെയാണു വിളംബരംചെയ്യുന്നതു്. പക്ഷേ, ആ മഹിമ കണ്ടറിയാൻ ഒരു പശ്ചാത്യൻ വേണ്ടിവന്നു എന്നതാണു് നമ്മുടെ ഗതികേടു്. കാലാന്തരത്തിൽ ഋതുസംഹാരത്തിനു പലടത്തുനിന്നും പല സംസ്കൃതപതിപ്പുകൾ ഉണ്ടായി. 1897-ൽ സി.എസ്. സീതാരാമയ്യർ എന്ന പണ്ഡിതൻ ഇതിന്റെ ഇംഗ്ലീഷ് തർജ്ജമ ബോംബയിൽനിന്നു പ്രസിദ്ധപ്പെടുത്തി.

**ജയിലിൽനിന്നൊരു തർജ്ജമ**

ശ്രീമതി വിജയലക്ഷ്മി പണ്ഡിററിന്റെ ഭർത്താവായിരുന്ന ശ്രീ ആർ. എസ്. പണ്ഡിററ് 1942-ൽ സ്വാതന്ത്ര്യസമരം സംബന്ധിച്ചു് ജയിലിലടയ്ക്കപ്പെട്ടപ്പോൾ ഋതുസംഹാരത്തിന്റെ അതിമനോഹരമായ ഒരു ഇംഗ്ലീഷുതർജ്ജമ രചിക്കുകയുണ്ടായി. ആ തർജ്ജമയുടെ പ്രചോദനകേന്ദ്രം മഹാകവി ടാഗോറായിരുന്നു. പ്രകൃതത്തിൽനിന്നു് അല്പം വിട്ടാണെങ്കിലും അക്കഥ ലഘുവായി ഒന്നു വിവരിച്ചുകൊള്ളട്ടെ.

1937-ൽ ആർ. എസ്. പണ്ഡിററ് (രഞ്ജിത്) സ്വഭാര്യയായ വിജയലക്ഷ്മിയോടും ചന്ദ്രലേഖ, നയനതാര, റീതാ വിതസ്താ എന്ന മൂന്നോമനപ്പെൺമക്കളോടുമൊത്തു് ഹിമാലയസാനുവിൽ അൽമോറയ്ക്കടുത്തു് 'ഖാലി'യെന്ന സ്ഥലത്തുള്ള മനോഹരമായ വസതിയിൽ പാർത്തിരുന്ന കാലം. വസതിയുടെ മുമ്പിൽ വിവിധവൃക്ഷലതാദികളാൽ നിബിഡമായ വിശാലമായ ഒരു തോട്ടവുമുണ്ടായിരുന്നു. ആർ. എസ്. പണ്ഡിററ് അതിനെ ജീവനുതുല്യം സ്നേഹിച്ചിരുന്നു. അദ്ദേഹം ആ തോട്ട

ത്തിനു് 'ഋതുസംഹാര'മെന്നാണു് പേരിട്ടിരുന്നതു്. അതിൻെറ പ്രശസ്തി മഹാകവി രവീന്ദ്രനാഥടാഗ്ഗൂറിൻെറ കാതിലുമെത്തി. അദ്ദേഹം ഒരു വസന്തകാലത്തു് ആ താഴ്വരപ്രദേശത്തുവന്നു താമസിക്കാൻ തീരുമാനിച്ചു. പണ്ഡിററ്കുടുംബം വിശിഷ്ടാതിഥിയെ സാഹ്ലാദം സ്വാഗതംചെയ്തു. ഋതുസംഹാരത്തിൽ പരാമർശിക്കപ്പെട്ടിരുന്ന എല്ലാ വൃക്ഷങ്ങളും ചെടികളും അവിടെക്കണ്ടു് ടാഗോർ ആനന്ദഭരിതനായി. 'ഋതുസംഹാര'ത്തിൻെറ ആരാധകനാണു് നിങ്ങളെങ്കിൽ ആ കൃതി ഇംഗ്ലീഷിൽ ഒന്നു തർജ്ജമചെയ്തുകൂടേ എന്നു് ടാഗ്ഗൂർ ചോദിച്ചു. ആ നിർദ്ദേശം ആതിഥേയൻ ശിരസാ വഹിച്ചു. മുദ്രാരാക്ഷസത്തിന്റെ തർജ്ജമ കഴിഞ്ഞാലുടൻ ഋതുസംഹാരത്തിൽ ശ്രമിക്കാമെന്നദ്ദേഹം ഏററു. പിന്നീടു രാഷ്ട്രീയപ്രക്ഷോഭണത്തിൽ ഭാഗഭാക്കാകേണ്ടിവന്നതിനാൽ സാഹിത്യപരിശ്രമങ്ങൾക്കു ലേശംപോലും സമയം ലഭിച്ചില്ല. 1942-ൽ അദ്ദേഹം ജയിലിലടയ്ക്കപ്പെട്ടു. അന്നു് വിജയലക്ഷ്മിയേയും ചന്ദ്രലേഖയേയുംകൂടി അധികൃതർ തടങ്കലിലാക്കിയിരുന്നു. ഇളയ കുരുന്നുകുഞ്ഞുങ്ങൾ രണ്ടും അച്ഛനമ്മമാരുടെ ലാളനസുഖമേല്ക്കാൻ ഭാഗ്യമില്ലാതെ വീട്ടിൽ കഴിയുകയും! അക്കാലത്തു് ഋതുസംഹാര തർജ്ജമയിൽ മുഴുകി അദ്ദേഹം ആ വിഷമതകൾ മറന്നു. ജയിലിൽനിന്നു് ഋതുസംഹാരതർജ്ജമയോടൊപ്പം അനാരോഗ്യവുംകൂടി വഹിച്ചുകൊണ്ടാണദ്ദേഹം വീട്ടിൽ മടങ്ങിയെത്തിയതു്. പിന്നെയുള്ള കാലഘട്ടം അതീവ ക്ലേശഭൂയിഷ്ഠമായിരുന്നു. 1944 ജനുവരി 14-ാംനു- ആ തർജ്ജമ അച്ചടിച്ചുകാണാൻഭാഗ്യമില്ലാതെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. മനോഹരമായ ആ തർജ്ജമ നന്ദലാൽ ബോസിൻെറ ചിത്രങ്ങളോടും സരോജനീ

നായിഡുവിൻെറ മുഖവുരയോടുംകൂടി 1947-ൽ ബോംബേയിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു.

## ഋതുസംഹാരം മലയാളത്തിൽ

ഇനി നമ്മുടെ കൈരളിക്കു് ഋതുസംഹാരത്തോടുള്ള ബന്ധമെന്തെന്നു ചിന്തിക്കാം. മഹാകവി വള്ളത്തോളിൻെറ 'ഋതുവിലാസം' ഋതുസംഹാരത്തിൻെറ ഒരു വിദൂരാനുകരണമാണു്. കാളിദാസൻെറ പല പദ്യങ്ങളിൽ നിന്നും ആശയങ്ങൾ കടംവാങ്ങി ചില പദ്യങ്ങൾ അതുപോലെ തർജ്ജമചെയ്തു് സ്വകപോലകല്പിതമായ ഒരു കൃതി എന്ന മട്ടിലാണു് വള്ളത്തോളതു പ്രസിദ്ധീകരിച്ചതു്. കാളിദാസൻ പറഞ്ഞ മുറയ്ക്കുതന്നെ ആറു കാലങ്ങളെപ്പററി അദ്ദേഹവും വർണ്ണിച്ചു. പക്ഷേ, കാളിദാസൻെറ ആശയങ്ങൾ പലതും വിട്ടും ചിലതു കൂട്ടിച്ചേർത്തും ഒരു സ്വതന്ത്രകൃതിയുടെമട്ടിൽ രചിച്ചതാകയാൽ ഒരു പൂർണ്ണാനുകരണത്തിൻെറ സ്ഥാനം മാത്രമേ ഋതുവിലാസത്തിനു സിദ്ധിക്കയുള്ളു.

ഒരു യഥാർത്ഥതർജ്ജമ ആദ്യമായി പ്രസിദ്ധീകരിച്ചതു് പ്രശസ്തപണ്ഡിതനായ ശ്രീ കെ. കെ. പണിക്കരാണു്. (മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിരുന്ന എൻെറ തർജ്ജമ വായിച്ച ഒരു സുഹൃത്തു് ഈയിടെ ശ്രീ. പണിക്കരുടെ പുസ്തകത്തിൻെറ ഒരു പഴയ പ്രതി എന്നെ ഏല്പിക്കയുണ്ടായി. അതു കണ്ടപ്പോൾ വളരെ വർഷങ്ങൾക്കുമുമ്പുതന്നെ ഇക്കൃതി കൈരളിക്കു കാഴ്ചവച്ച ആ മഹാൻെറ ഭാഷാഭക്തിയിൽ ഈ ലേഖകനു് നിസ്സീമമായ ആദരം തോന്നി) 12 കൊല്ലം മുമ്പാണതു പുറത്തിറങ്ങിയതു്. സംസ്കൃതവൃത്തങ്ങളിൽ ഭംഗിയായി അദ്ദേഹം തർജ്ജമ നിർവ്വഹിച്ചിട്ടുണ്ടു്. ആറു

സർഗ്ഗങ്ങളിലായി ആകെ 140 പദ്യമുണ്ടെന്ന് അതിന്റെ മുഖവുരയിൽ പറയുന്നുണ്ട്. പക്ഷേ, 142 പദ്യങ്ങൾ അദ്ദേഹം തർജ്ജമചെയ്തതായിക്കാണുന്നു. എന്നാൽ എനിക്കു കിട്ടിയിട്ടുള്ള ഋതുസംഹാരത്തിന്റെ സംസ്കൃതത്തിലും ഇംഗ്ലീഷിലുമുള്ള എല്ലാ പ്രതികളിലും 144 പദ്യം വീതമുണ്ട്. രണ്ടു പദ്യം വിട്ടുപോയി എന്നൊരു കുറവ് ശ്രീ പണിക്കരുടെ തർജ്ജമയ്ക്കു വന്നുപോയി.

ഈ പരിതസ്ഥിതിയിൽ ഒരു സമ്പൂർണ്ണതർജ്ജമ സ്വാഗതാർഹമായിരിക്കുമെന്നു കരുതുന്നു. കാളിദാസന്റെ നവനവോല്ലേഖങ്ങൾ പലതും സംസ്കൃതവൃത്തത്തിൽ തന്നെ വിവർത്തനം ചെയ്താൽ മുഴവനായിപ്പകർന്നു കിട്ടുകയില്ല. തന്നെയുമല്ല, ശരിയായ മലയാളതർജ്ജമയാകണമെങ്കിൽ അതു് മലയാളവൃത്തത്തിൽത്തന്നെയായിരുന്നാലേ പറ്റൂ എന്നു ഞാൻ ഉറപ്പായി വിശ്വസിക്കയും ചെയ്യുന്നു. അതിനാൽ കൈരളിയുടെ ഈടുവയ്പിലുണ്ടായിരുന്ന വിവിധ ദ്രാവിഡവൃത്തങ്ങളുടെ തൂവെള്ളിത്തളികകളിൽ ആ ആശയാമൃതം ഇങ്ങനെ ഏററുവാങ്ങി ആസ്വാദകഹസ്തങ്ങളിൽ ആദരപുരസ്സരം അർപ്പിക്കയാണു്. സദയം സ്വീകരിച്ചാലും!

തിരുവനന്തപുരം
10–5–1960

മാവേലിക്കര അച്യുതൻ

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB & G

## വേനൽക്കാലം

അംബരാന്തത്തിൽ സൂര്യൻ
കത്തുന്നു; വന്നാകിലി-
ങ്ങമ്പിളിയെന്നായ് ലോകം;
പൊയ്കയിൽ കുളിമേളം!
ഇമ്പമേകിടും സന്ധ്യ;
മയങ്ങിമേവും മല-
രമ്പനു,മേവം വന്നി-
തോമലേ! വേനൽക്കാലം! 1

ഇരുളിൻ കരളിൽ തൂ-
വെണ്ണിലാപ്പാൽ തൂവീട്ട-
മിരവും ധാരായന്ത്രം
നീരൊഴുക്കീടും വീടും
ചന്ദ്രകാന്തമാം മഞ്ജു-
മണിയും മണം ചേരും
ചന്ദനക്കുറിക്കൂട്ടു-
മിന്നാകും പ്രിയംകരം. 2

യാമിനികളിൽ മണി-
മാളികത്തളം ഹൃദ്യം
കാമിനീനിശ്വാസത്താൽ
തുടിക്കും തുടുമദ്യം

കാമോദ്ദീപകവീണാ-
ഗാനവുമനുദിനം
സാമോദം സമാസ്വാദി-
ച്ചീടുന്നു കാമീജനം. 3

പൊന്നരഞ്ഞാണും വെള്ള-
പ്പട്ടുപൂഞ്ചേലച്ചാർത്തും
ചേർന്നഴകെഴും പീന-
മാംസളനിതംബത്താൽ,
ചന്തത്തിൽ മരതക-
മാലകൾ ചേരും കുളിർ-
ചന്ദനക്കുഴമ്പണി-
പ്പൊൻകൊങ്കക്കുടങ്ങളാൽ,
സ്നാനവേളയിൽത്തേച്ച
തൈലത്തിൻ മണമോലും
സൂനശോഭിത ചാരു-
കബരീഭാരത്താലും
പാടലാധരിമാർ സ്വ-
പ്രിയകാമുകരുടെ
ചൂടകററീടുന്നുണ്ടീ-
വേനലിൽ കനിവോടെ. 4

ചലനേത്രമാർ കാലിൽ
ചെമ്പഞ്ഞിച്ചാർ പൂശീട്ടു
ചിലചിഞ്ചിലം പാടും
പൊൻചിലമ്പുകൾ പൂട്ടി

ചിലയ്ക്കുമരയന്ന-
    പ്പിടപോലടിവയ്ക്കു-
ച്ചിലക്കു ചിത്തംതന്നി-
    ലംഗജതാപം വായ്ക്കും 5

മാലേയപങ്കം പൂശി
    മഞ്ഞൊത്ത വെൺമുത്തൊളി-
മാലകൾ പൂണും തണു-
    പ്പാർന്ന പോർമുലകളും
കിലുങ്ങും സ്വർണ്ണക്കമ്പു-
    ത്തുടലാൽ കെട്ടപ്പെട്ട
കുലുങ്ങും തൂവെണ്ണക്ക-
    ല്ലൊത്ത നല്ലരക്കെട്ടും
ഇക്കൊട്ടും വേനൽക്കാല-
    ത്താരുടെ കരളിനെ-
യുൽക്കണ്ഠാകുലമാക്കി-
    ത്തീർക്കില്ല പൊട്ടുന്നതെ? 6

വെന്തുനീററലാലംഗ-
    സന്ധികൾതോറും വേർപ്പു
ചിന്തുകയാലേ കട്ടി-
    ത്തുണികൾ മാററീട്ടിപ്പോൾ
താരുണ്യത്തള്ളൽകൊണ്ടു
    ജൃംഭിക്കും മുലക്കുന്നു
നേരിയ വെള്ളപ്പട്ടാൽ
    നാരിമാർ മറയ്ക്കുന്നു... 7

കളഭം തളിച്ചതാം
താലവൃന്തത്താലേററ-
മിളകും പരിമള-
വാഹിയാമിളംകാററാൽ,
പുലർകാലത്തേ മല്ലി-
മലർമാലകൾ ചാത്തും
വിലസത്കുചകുംഭ-
സമ്പത്തിൻ സമ്പക്കത്താൽ,
വീണയും മുളന്തണ്ടും
മൂളും പാട്ടാലും മന്ദം
വീണുറങ്ങീട്ടും കാമ-
നുണത്തപ്പെട്ടീടുന്നു. 8

രാവിൽപ്പൂനിലാവോലും
തൂവെൺമാളികമട്ട-
പ്പാവിൽ പാവ്ണചന്ദ്ര-
മുഖിമാരുറങ്ങുമ്പോൾ
ആ മുഖങ്ങളിൽ നോക്കി
നോക്കി സോൽക്കണ്ഠം നിന്നു
സോമൻ പൊൻപുലരിയിൽ
വ്രീളയാൽ വിളറുന്നു. 9

ഒകാടുങ്കാററടിച്ചിള-
കീട്ടും പാഴ്പൊടി മൂടി
ചുട്ടതീവെയിലേററു
തപിച്ചോരിപ്പാരിടം

ഉൾക്കളം പ്രിയാവിയോ-
ഗാഗ്നിയിൽ വേവും പാന്ഥർ-
ക്കിക്കാലമൊരുനോക്കു
നോക്കാനുമാവില്ലല്ലോ! 10

പൊള്ളും പാഴ്‌വെയിലേററു
വായിൽ നീർവററിത്തുള്ളും
പുള്ളിമാൻപററം ദൂരെ-
പ്പച്ചിലക്കാടിന്നുള്ളിൽ
ഉടച്ച നീലാഞ്ജന-
മൊത്ത വിണ്ടലം കണ്ടു
തുടിക്കും നീർപ്പൊയ്കയെ-
ന്നോർത്തുടനോടീടുന്നു. 11

പുഞ്ചിരിപുരണ്ടൊളി-
ക്കടക്കൺ നോട്ടങ്ങളാൽ
അഞ്ചിതവിമോഹന-
വിലാസലാസ്യങ്ങളാൽ
ബന്ധുരചന്ദ്രാസ്യക-
ളായൊളിചിന്തും സായം-
സന്ധ്യകൾപോലേ മദ-
മന്ഥരഗമനമാർ
വിരഹവ്യഥാതപ്തം
പാന്ഥർതൻചിത്തം മാര-
ജ്വരബാധിതമാക്കി-
ത്തീർക്കുന്നു നിരന്തരം. 12

വഴിയിൽ ചൂടേറേററെ-
ക്കുഴഞ്ഞ സർപ്പം വെള്ളി-
വെയിലിൽ വേവും പൊടി-
പ്പരപ്പിലുടൽ പൊള്ളി,
ശയിപ്പൂ ഫണം താഴ്ത്തി-
നിവന്നു നീലപ്പുള്ളി-
മയിലിൻതണൽതന്നിൽ
കിതപ്പു കലന്നുള്ളിൽ. 13

ദാഹത്താൽ വശംകെട്ടു
നെടുവീർപ്പുകൾ വിട്ടു
സാഹസവിമുഖനായ്
വായൊട്ടു പിളന്നിട്ടു
നാവും തൻ സടകളു-
മിളക്കും സിംഹം ചാരെ
മേവുന്ന ഗജത്തേയും
ഗൗനിപ്പതില്ലാ തീരെ. 14

തുമ്പിക്കൈത്തുമ്പിൽക്കൂടി
നീർത്തുള്ളി തൂവിത്തന്മേൽ
വൻപരിതാപം തീർക്കാൻ
വെമ്പുന്ന കുംഭീന്ദ്രന്മാർ
പൊള്ളിയംഗങ്ങൾ വെന്തീ-
വെയിലിൽ ദാഹിച്ചെങ്ങും
വെള്ളം തേടുമ്പോൾ സിംഹ-
ഭയമെങ്ങനെയോർക്കും? 15

ഹോമവഹ്നിപോൽ കത്തും
　　സൂര്യതാപത്തിൽ ഏത്തും
പൂമെയ്യും തളൎന്ന് പൊൻ-
　　മയൂരം നൃത്തം നിൎത്തി
കുഴഞ്ഞുനില്ക്കെ നീൎത്തി-
　　ത്തെല്ലയത്തീടും നീല-
ക്കുടയിൽ തല ചേൎത്ത
　　പാമ്പിനെക്കൊല്ലുന്നീല. 16

മുത്തങ്ങക്കിഴങ്ങെഴും
　　വരണ്ട വെളിക്കുണ്ടിൽ
ക്രൂൎത്ത തേററയാൽ ക്രൂററൻ-
　　പന്നികൾ തറ തോണ്ടി
കുഴിക്കുന്നതു കൊടും-
　　വെയിലിൻ ചൂടേല്ക്കുവാൻ
കുഴിയാഞ്ഞൂഴിക്കുള്ളി-
　　ലൊളിക്കുന്നതിനാവാം. 17

കുഴഞ്ഞ പശിമച്ചേർ-
　　ക്കുളത്തിൽ വേനൽച്ചൂടേ-
ററിഴഞ്ഞ തവളയ-
　　ക്കരയിൽ കിതപ്പോടേ
കിടക്കുന്നൊരു പാമ്പിൻ
　　നീൎത്തിയ പത്തിക്കുട-
യ്ക്കൂടിയിൽ ചാടിക്കട-
　　ന്നിരിപ്പൂ ചൂടാററീടാൻ. 18

താമരവളയങ്ങ-
ളൂണങ്ങിപ്പൊടിയായി
കോമള മത്സ്യങ്ങളും
ചത്തൊടുങ്ങുകയായി
അരയന്നങ്ങൾ പേടി-
ച്ചവിടന്നെങ്ങോ പോയി
കരികൾ ക്രുത്താടിപ്പൂ-
മ്പൊയ്ക പാഴ്ച്ചേർക്കുണ്ടായി. 19

ശിരസ്സിൽ വെയിൽത്തട്ടി-
ജ്ജ്വലിക്കും മണിയണി-
ഞ്ഞിരുജിഹ്വയുമാട്ടി-
ക്കാററിനെ നക്കും ഫണി
ഗരളം, വേനൽ, വന-
വഹ്നിയും ഗളനാള-
മുരുക്കുന്നേരം കൊല്ലാൻ
ചെല്ലുമോ ഭേകങ്ങളെ? 20

പത വാർന്നിടും നീണ്ടു
കറുത്ത മുഖമാട്ടി
പകച്ചു പുറത്തേക്കു
ചോപ്പാർന്ന നാവുംനീട്ടി
കാട്ടുപോത്തുകൾ വെള്ളം
കിട്ടാഞ്ഞു വശംകെട്ടു
ക്രുദ്ധമായ് ഗുഹയിൽനി-
ന്നിളകിപ്പുറപ്പെട്ടു. 21

വെന്തുപോയ് ദാവാഗ്നിയിൽ
പച്ചിലപ്പൂങ്കാട്ടുകൾ
പൊന്തുന്നു ചുഴലിക്കാ-
റ്റടിച്ചു കരീലകൾ
വേനലിൽ പൂഞ്ചോലക-
ളുണങ്ങിവരണ്ടെല്ലാം
കാനനമിപ്പോളാകും
ഭീതികാരണമല്ലോ. 22

വാനംപാടികൾ പത്ര-
ഹീനമാം മരക്കൊമ്പിൽ
മ്ലാനമായ് ഗാനംവററി
മൗനമാർന്നിരിക്കുമ്പോൾ
വാനരക്കൂട്ടം ചെന്നു
കേറുന്നു നീലകുന്നിൽ
വേനലിൽത്തണലേകും
തുവള്ളിക്കുടിലൊന്നിൽ
കിണഞ്ഞുശ്രമിക്കുന്നു
പോത്തുകൾ വെള്ളംകിട്ടാൻ
കിണററിൽത്തല നീട്ടി
നില്ക്കുന്നു കഴുതകൾ. 23

വിടർന്ന പ്ലാശിൻമലർ-
ക്കുലപോൽ കാററത്താളി-
പ്പടർന്ന ചെന്തീജ്വാല
വനമേഖലകളിൽ

മരക്കൊമ്പുകളേയും
വള്ളികളേയും ചെന്നു
പരിരംഭണംചെയ്തു
പാരിനെപ്പൊള്ളിക്കുന്നു. 24

കിളൎന്നു ഗുഹകളിൽ
കാററടിച്ചാളിക്കത്തി
വളൎന്നു പട പട-
നാദത്തിൽ പടൎന്നെത്തി
മുളങ്കൂട്ടത്തെത്തക-
ൎത്തുയൎന്നു പുൽക്കൂട്ടത്തി-
ലിളമാൻപററങ്ങളെ-
യാപത്തിലത്തീയാഴ്ത്തി. 25

ഇലവിൻ തോപ്പിൽച്ചെന്നു
മരപ്പൊത്തുകൾതന്നിൽ
ഉലയിൽ നീറും പൊന്നിൻ-
ചെങ്കതിരൊളിചിന്നി
ഉലഞ്ഞു കൊട്ടങ്കാററിൽ
കാട്ടുതീപരക്കുന്നു
ഇലകൾ തിങ്ങും മര-
ക്കൊമ്പുകൾ തകൎക്കുന്നു. 26

കാട്ടാന പോത്തും ക്രൂരൻ
സിംഹവുമൊന്നായ്ക്കൂടി-
ക്കാട്ടാതെ വൈരം കാട്ടു-
തീയേററു പേടിച്ചോടി

കൂട്ടുകാർപോലെ മണൽ-
ത്തിട്ടകൾ താണ്ടിച്ചെന്നു
കൂട്ടമായ് പളുങ്കുനീർ-
ച്ചോലയിൽ ചാടീടുന്നു. 27

താമരക്കുളം ലോല-
പാടലപരിമളം
താവും കോമളജലം-
തന്നിലെക്കുളിമേളം,
പൂനിലാവലമാല-
യിവയാലനുകൂലം
വേനലിന്നിരവുക-
ളോമലേയിതുകാലം
സുന്ദരിമാരോടൊത്തു
കൂടിച്ചേർന്നുഴകോലും
മന്ദിരമണിമച്ചിൽ
പാടി നീ നയിച്ചാലും 28

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB & ...UM

## മഴക്കാലം

മിന്നൽക്കൊടിക്കൂറകളു-
മേന്തിയെത്തി മഴക്കാലം
മന്നുവാഴും കാന്തിയെഴും
ഭൂപനെപ്പോലെ.
മഴമുകിൽച്ചുരുളുകൾ
മദകരിവൃന്ദമിദം
മുഴങ്ങിടുമിടിവെട്ടൽ
മദ്ദളനാദം. 1

കരിങ്കുവളത്തിൻ ലോല-
ദളങ്ങൾപോൽ വിളങ്ങിയും
തരിയായ നീലാഞ്ജന-
കാന്തി പൊങ്ങിയും
ചിലപ്പോൾ ഗർഭിണിമാർ തൻ
തുടുമുലക്കണ്ണിൻ വർണ്ണം
കലർന്നും കാർമേഘമാല
നിരന്നു വിണ്ണിൽ. 2

തൊണ്ടവരണ്ടിരന്നീടും
വേഴാമ്പലിന്നിണ്ടൽ മാററി-
ക്കൊണ്ടു ജലഭാരപരി-
നമ്രമായീടും

കൊണ്ടൽനിര വാരിധാര
പെയ്തു കളസ്വനമാൎന്നു
വിണ്ടലത്തിലൂടെ മന്ദം
ഗമിച്ചിടുന്നു. 3

മാരകമാം മാരിവില്ലിൽ
തൂമിന്നൽഞാൺ കെട്ടി ഘോര-
വാരിധാരാശരനിര
ചൊരിഞ്ഞു പാരം
ഇടിവെട്ടൽപ്പടഹനിൎ-
ഘോഷത്തോടെ വിരഹികൾ-
ക്കിടനെഞ്ചു തകൎക്കുന്നു
മുകിൽനിരകൾ. 4

പച്ചരത്നക്കല്ലുവെല്ലും
നല്ലിളംപുല്ലുകൾ ചേൎന്നും
ഉച്ചലിക്കും കൂണിൻവെള്ളി-
യിലകളാൎന്നും
രക്താഭമാം നിലമ്പുഴ-
വിഴയുമീ മന്നു മിന്നും
രത്നഭൂഷാ ഭൂഷിതയാം
റാണിയായ്ത്തോന്നും. 5

രസം കലൎന്നൊച്ചവെച്ചു
മദകലം മയിൽവൃന്ദം
സസംഭ്രമമണഞ്ഞാഞ്ഞു
പുണൎന്നിടുന്നു.

വിതിത്ത വിസ്തീർണ്ണവർണ്ണ-
പ്പീലികാട്ടി കാട്ടിലെങ്ങു-
മതിമോദാൽ നടനവും
നടത്തിടുന്നു. 6

തടദ്രുമം തകർത്തകം
കലങ്ങിയങ്ങതിദ്രുതം
കടൽമടിത്തടംതന്നിൽ
കടന്നുചെല്ലാൻ
കുതിക്കുന്നു തടിനിക-
ളനംഗവിഭ്രമത്താലെ
മദിച്ചിടും തരുണിമാർ-
മണികൾപോലെ. 7

ഇളമാനിൻ കൊച്ചുപല്ലാൽ
തെല്ലു മുറിപ്പെട്ടു നീളെ-
യിളകിടും പച്ചപ്പുല്ലിൻ
നാമ്പുകളാലും
ചെന്തളിർപ്പൂമരങ്ങൾതൻ
നിരയാലും കാന്തിചിന്നും
വിന്ധ്യവനതടമാക്കും
സുഖകരന്താൻ. 8

നീലോല്പലക്കൺമുനകൾ
നീട്ടി ഭയപ്പെട്ടു കാട്ടു-
ചോല മണൽത്തട്ടിൽ
നില്ക്കുമിളമാൻ കൂട്ടം

മാൻകണ്ണികളായ മുഗ്ദ്ധ–
മങ്കമാരെപ്പിരികയാൽ
മാഴ്കിടുന്ന പാന്ഥർക്കെ–
മുലയ്ക്കുകയായ്. 9

ഇടിവെട്ടിയിരമ്പീടു–
മിടവക്കാർമുകിൽമാല –
യിടയ്ക്കിടെ വളർമിന്നൽ
തെളിക്കയാലെ
ഇരുൾതിങ്ങുമിരവിലും
പ്രിയർ മേവുമിടംപൂകാ–
നിറങ്ങുവോർക്കിടവഴി–
യറിഞ്ഞു പോകാം. 10

ഏതു സമയത്തും രാവിൽ
മിന്നൽകണ്ടു മിഴിപൂട്ടി
കാതു പൊട്ടുംമട്ടിൽ വെട്ടു–
മിടിയാൽ ഞെട്ടി
കാതരകളായിത്തെററു
പൊറുത്തടുത്താംഗനമാർ
കാമുകരെയാഞ്ഞുകെട്ടി–
പ്പുണർന്നിടുന്നു. 11

നീലോല്പലമിഴിയിണ–
ത്തുമ്പുകളിലൂടെയ്യുരു–
മാലോലാശ്രു ചുണ്ടിൽ വീണു
ചിതറിടവേ

ഭൂഷണങ്ങളൂരിമാററി-
ച്ചന്ദനച്ചാർ മാച്ചു പാന്ഥ-
യോഷമാരിന്നാശയററു
കഴിഞ്ഞിടുന്നു. 12

പാഴ്ച്ചെളിയും കീടങ്ങളും
പച്ചപ്പുല്ലും ചേൎന്നു വെള്ള-
പ്പാച്ചിൽകണ്ടു ചീറും പാമ്പായ്
ഭ്രമിച്ചു നീളെ
പേടികലൎന്നുള്ള പേക്കാ-
ന്തവളകൾ നടുങ്ങുമ്പോൾ
പേമഴനീർ താഴ്ച്ചയിലേ-
ക്കിരമ്പിടുന്നു. 13

മുരണ്ടിടും വരിവണ്ടിൻ-
നിര പൊയ്കകളിൽനിന്നു
വിരിഞ്ഞ പങ്കജങ്ങളെ-
പ്പിരിഞ്ഞു ചെന്നു
ലോലനൃത്തമാടും കേകി-
ജാലത്തിന്റെ പീലിചേൎന്നു
നീലോല്പലഭ്രമത്തോടെ-
യിരുന്നിടുന്നു. 14

കരിമേഘമിടി തക-
ൎത്തിടുംകാലം കോപാകുലം
കരിസംഘം ഭയങ്കര-
മലറിടവേ

ഗണ്ഡതലമിന്ദീവര-
നിഭം മദജലം വാർന്നും
വണ്ടിൻജാലം ചേർന്നും ശോഭ
പരത്തിടുന്നു. 15

ഉള്ളിൽ തെളിവെള്ളം നിറ-
ഞ്ഞുള്ള നീലനീരദങ്ങൾ
ഉമ്മവെയ്ക്കും കണ്മയക്ക-
മുന്നതാദ്രികൾ
കാട്ടുചോലപ്പുട്ടുടുക്കെ
കേകിവൃന്ദം നൃത്തഭംഗി
കാട്ടിനില്ക്കെയുൽസുകരായ്-
ത്തീരുമെല്ലാരും. 16

നീർക്കടമ്പു വേങ്ങമരം
വൻമരുതും പൂക്കൈതയു-
മൊക്കെയുലച്ചുലർനിര-
യുതിർത്തു വായു,
പുത്തൻ മഴച്ചാററലേററു
കുളിർത്തടുത്തെത്തുന്നേരം
ഉദ്വേഗത്താലാരും കോരി-
ത്തരിച്ചുപോകും. 17

പേശലാംഗീമണിമാർതൻ
ശ്രോണിതടം തടവീടും
കേശപാശം കാതിൽ ചൂടും
മടുമലരും

ഹാരം ചേരും കുചഭരം
മധു ചോരുമധരവും
പാരിൽ വീക്ഷിച്ചാരും രതി-
രസികരാവും. 18

വെള്ളിമിന്നൽക്കൊടി മാരി-
വില്ലിവയാൽ മനോഹരം
ഉള്ളിൽ വാരിപൂരം തിങ്ങും
ജലധരവും
പൊന്നരഞ്ഞാൺ കണ്ണമണി-
ഭൂഷയിവയണിഞ്ഞെത്തും
കന്നൽമിഴിമാരും പാന്ഥ-
മനമുലയ്ക്കും. 19

പുത്തിലഞ്ഞിമലർ നീല-
ക്കടമ്പിൻപൂ താഴമ്പൂവും
ചേർത്തു മാലകോർത്തു ചേലിൽ
ചായലിൽ ചാർത്തി
കാതുകളിൽ നീർമരുതിൻ
മഞ്ജരിയുമണിഞ്ഞിന്നു
കാതരാക്ഷീജനമെങ്ങും
ലസിച്ചിടുന്നു. 20

കാരകിലും ചന്ദനവു-
മരച്ചു പൂമെയ്യിൽ തേച്ചു
കാർക്കുന്തലിൽ മണമേലും
മാലയും വെച്ചു

പുതുവധൂകുലമിടി-
മുഴക്കം കേട്ടന്തിയിൽത്താൻ
പിതാക്കളെ വിട്ടും മണി-
യറയിലെത്താൻ. 21

കുവലയദളകമ്രം
ജലഭരനമ്രം മന്ദ-
പവനവിധൂതം നീല-
മുകിലിൻവൃന്ദം
ചന്തമേറുമിന്ദ്രചാപ-
മേന്തിപ്പാന്ഥനാരിമാർത-
ന്നന്തരംഗം ഹന്ത! കവ-
ർന്നകന്നിടുന്നു. 22

പുത്തൻമഴ ചൂടകററി-
യപ്പൊഴെല്ലാക്കാടുകളും
നൃത്തമാടി കോടക്കാററിൽ
ചില്ലകൾ വീശി
ആർത്തലയും കൈതപ്പൂവാൽ
നീർക്കടമ്പിൻ മഞ്ജരിയാൽ
ആത്തമോദം പുഞ്ചിരിയും
ചൊരിയുകയായ്. 23

SAHITHYA VILAS... LIBRARY
AYATHIL.
KILIKOLL... P. O.

പിച്ചിമലർ പുത്തിലഞ്ഞി
കുരുമൊഴി മാലകളും
വെച്ചു ലോലഗാത്രിമാർതൻ
ചുരുൾ മുടിയിൽ

കാതിൽ നീപമലർ ചേർത്തു
വർഷകാലം യോഷമാരിൽ
കാമുകൻപോൽ രോമഹർഷം
പകന്നിടുന്നു. 24

തള്ളിയുയർന്നുരുണ്ടമാർ-
ത്തട്ടിൽ തുള്ളും ഹാരമിട്ടു
വെള്ളപ്പട്ടു ചാർത്തി ശ്രോണി-
മണ്ഡലംതന്നിൽ
ഓമൽച്ചുളിവയർതന്നിൽ
മഴക്കുളിരേററുണർന്ന
രോമപാളിയാർന്നും മിന്നീ
മധുമൊഴിമാർ. 25

തൂവും മഴത്തുള്ളികൾതൻ
ശീതളിമ തന്നിൽ മുങ്ങി-
പ്പൂവുതിങ്ങും മരങ്ങൾതൻ
ചില്ലയിൽത്തങ്ങി
കാട്ടുകൈതപ്പൂമ്പൊടിയും
പൂമണവുമേററുവാങ്ങി-
ക്കാററുവന്നു പാന്ഥചിത്ത-
മപഹരിച്ചു. 26

അംബുഭരലംബമാന-
മായ നമുക്കവലംബം
അംബരത്തിൽ പൊങ്ങും വിന്ധ്യ-
നെന്നു ചിന്തിച്ചു്

ക്രൂരവഹ്നിചുട്ട ഗിരി-
        നിരകളിൽ നീരിൻധാര
കോരിച്ചൊരിഞ്ഞേറെനേരം
        നീരദപൂരം. 27

നാനാഗുണരമണീയം
        കാമീജനമനോഹരം
സൂനാകുല തരുലതാ-
        പാലനപരം
പ്രാണികൾക്ക പ്രാണനാമീ
        വർഷകാലമെൻഹൃദയ-
റാണി നിനക്കേകിടട്ടെ
        വാഞ്ഛിതമെല്ലാം. 28

# ശരത്കാലം

ഇണക്കി കായംതന്നിൽ കായാം-
പൂവൊളിനീരാളം
ഇളക്കി കളഹംസാരവമതിനാൽ
നൂപുരമുടനീളം .
തുട്ടത്തു താമരമുഖവും പുന്നെൽ-
വയലൊളിമേനിയുമാ-
യട്ടത്തു പുത്തൻവധുവെന്നോണം
ശരത്തിതണയുകയായ്. 1

കാശമലർക്കുലയാലേ മേദിനി
യാമിനിയമ്പിളിയാൽ
ഹംസകുലത്താൽ കുളിർനീർച്ചോലകൾ
പൊയ്കകളാമ്പലിനാൽ
കാട്ടുകളേഴില നീലപ്പാലയി-
ല്ലലയും പൂങ്കുലയാൽ
വാടികൾ പിച്ചകമലരുകളാലും
മുഴുകീ ധവളിമയിൽ. 2

പെരുകും വെള്ളപ്പരൽമീനുകളാൽ
വെള്ളിയരഞ്ഞാണി-
ട്ടരയന്നത്തിൻ നിരയാൽ മുത്തണി-
മാല ധരിച്ചഴകിൽ

അരുമമണൽത്തിട്ടാകുമരക്കെ-
ട്ടുള്ളൊരു കാട്ടരുവി-
ത്തരുണികൾ മന്ദം മദകലമൊഴുകു-
ന്നുണ്ടു മലഞ്ചരുവിൽ 3

രജതം താമരവളയം ശംഖുക-
ളിവപോൽ ധവളതമം
ജലരഹിതം മുകിൽനികരം ചിതറി-
ക്കാററത്തിളകിടവേ
നീലനിചോളനിലീനകളേബര-
മാകും ഗഗനതലം
ചേലൊടു തൂവെൺചാമരവീജന-
മേല്ക്കും നൃപനുസമം. 4

വിണ്ണിന്നഞ്ജനശിലപോലുള്ളൊരു
സുന്ദരനീലിമയും
മണ്ണിൽ ചോപ്പുപരത്തിപ്പൂവുകൾ
പകരും ശോണിമയും
പുന്നെൽവയലുകൾ ചൂഴും കുന്നി-
ന്നഴകും ചേർന്നീടും
മന്നിടമേതൊരു തരുണനുമകതളിർ
തരളിതമാക്കീടും. 5

തൈക്കുളിർതെന്നലിൽ നർത്തനമാടും
നൽത്തളിർചില്ലകളാൽ
പൂക്കൾ നിരവധി പുഞ്ചിരിചൊരിയും
പിഞ്ചിലയിതളുകളാൽ

മദിച്ചു മധുപർ മതിവരുവോളം
കുടിച്ചു ശേഷിക്കും
മധുവെഴമിരുവുൾ മരങ്ങളാരുടെ
മനവും നോവിക്കും. 6

താരാഗണമണി ഭൂഷണമണിയും
നീലനിശീഥിനിയാൾ
തോരാതൊഴുകും മധുരനിലാവി-
ന്നലകളിലാറാടി
മുകരും മുകിലുകളകലവെയഴകിൽ
മുഴുകും മുഴമതിയാം
മുഖമൊട്ടമഹിയിൽ പ്രതിദിനമൊരുവെൺ-
കൊടിപോൽ വളരുകയായ്. 7

ചിറകുകൾ തല്ലിച്ചില്ലൊളി വെള്ള-
മിളക്കമിരണ്ടുകളും
ചിറയിൽക്കയറിത്തുള്ളും പല പല
വെള്ളിപ്പറവകളും
അരവിന്ദത്തിൻ പൂമ്പൊടിയും ചേ-
ന്നരുവികളരുളുന്നു-
ണ്ടരയന്നത്തിൻ സ്വരസുധയാലേ
മനുജരിലാനന്ദം. 8

കണ്ണും കരളും കവരും കതിരുക-
ളുതിരും വിണ്ണിൻ പൊൻ-
കിണ്ണം മന്നിതിൽ മഞ്ഞിൻകണികകൾ
നിതരാം പെയ്യുമ്പോൾ

കാമിനിമാരുടെ വിരഹവിഷാനല-
വിക്ഷതമാമംഗം
ആമയമേറിക്കൂടുതൽ നീറി-
പ്പൊള്ളുകയാണെങ്ങും. 9

ഇളക്കിമഞ്ഞപ്പൊൻകതിർ ചൂടി-
ക്കുനിഞ്ഞ നെൽച്ചെടികൾ
കുലുക്കി തേൻകുളിർമഞ്ജരിയേന്തി-
ത്തളരും തരുനിരകൾ
കുളങ്ങൾതോറും താമരമലരുകൾ
താളം തുള്ളിച്ചും
കുളിത്ത്കാററിവിടണഞ്ഞു യുവമന-
മോളംവെട്ടിച്ചു. 10

മദിച്ചുപുണരാൻ സരാഗമണയും
മരാളമിഥുനങ്ങൾ
ചിരിച്ചുതേൻതെളി തളിച്ചുനില്ക്കും
കുവലയകമലങ്ങൾ
പുലരിത്തെന്നലിലിളകും മരതക-
നീരലമാലകളും
കലരും പൊയ്കകൾ മദനവികാരമു-
ണത്തീ കരളുകളിൽ 11

ഇന്ദ്രധനുസ്സു ലയിച്ചു മറഞ്ഞിതു
മുകിലിന്നുദരത്തിൽ
ഇന്നു ചലിക്കുന്നില്ലൊരുമിന്നൽ-
ക്കൊടിയും ഗഗനത്തിൽ

കൊക്കുകളുടെ പൂഞ്ചിറകാൽ വാനം
കിക്കിളികൊള്ളുന്നി-
ല്ലുൾക്കുളിരാർന്നിളമയിലുകൾ മുകളിൽ
നോക്കുവതില്ലൊന്നും. 12

ആട്ടമടങ്ങിയ മയിലുകളേ വി-
ട്ടലർശരനകലത്തിൽ
പാട്ടുകളുതിരും കളഹംസത്തിൻ-
**കരളിൽ** വന്നെത്തി
കടമ്പു കുടകപ്പാലകൾ വേങ്ങകൾ
മരുതും വിട്ടുപിരി-
ഞ്ഞടുത്തു പൂമാതേഴിലമാമര-
നിരയെപ്പുണരുന്നു. 13

ചേമന്തിപ്പൂത്തുപൂനിരചേരും
ചേതോഹരമാകും
തൂമലർവനികയിലൊഴുകവെ കിളികുല-
കളഗാനാലാപം
കോമളമൃഗഗണക്രുവളമിഴിയിണ
പരിസരമതിലൂടെ
തൂമയിൽനീളവെ മാനവമാനസ-
മിളകിപ്പോയീടും. 14

കമലം കുമുദം സൗഗന്ധികസുമ-
മിവയെത്തുള്ളിച്ചും
വിമലദളങ്ങളിലിളകും ഹിമകണ-
മൂഴിയിൽ വീഴിച്ചും

അവയുടെ കുളിരിലലിഞ്ഞിവിടണ്ണയും
പുലർകാററതിവേഗം
അവയവമാകയുമവശമതാക്കീ-
ട്ടരുളിടുമുദ്വേഗം. 15

നെല്ലുപഴുത്തുവിളഞ്ഞു പരന്നുകി-
ടക്കും കേദാരം
പുല്ലു ചവച്ചു പശുക്കൾ നടക്കും
മലയുടെ താഴ്‌വാരം
സാരസഹംസശ്രേണീമുഖരം
സരസ്സുകൾതൻ തീരം
സരസം പകരും കരളിലിതഖിലം
മധുരം മധുപൂരം. 16

പൃഥുലനിതംബിനിമാരുടെ ഗതിയെ
ജയിച്ചിതു ഹംസങ്ങൾ
പൃഥിവിയിൽ ഹിമകരസമവദനങ്ങളെ
വെന്നിതു നളിനങ്ങൾ
നീലോല്പലദളമൊളിനീൾമിഴികളെ
നീളെത്തോല്പിക്കെ
നീരലയിളകിപ്പുരികക്കൊടികളെ
മുഴവൻ കളിയാക്കി. 17

ചില്ലകളിൽക്കുളിർച്ചെണ്ടുകളേന്തും
ചെടികൾ ചാഞ്ചാടി-
ച്ചെല്ലക്കൈകളിൽ മണിവളയണിയു-
ന്നോരൊട്ടു പോരാടി

പൂത്തൊരശോകം മൊട്ടുകൾനിറയും
പിച്ചികളൊന്നിച്ചു
പാൽച്ചിരിചൊരിയും ചെമ്പവിഴാധരി-
മാരെത്തോല്പിച്ചു. 18

ഇടതൂന്നിരുളിന്നൊളികലരും ചുരുൾ-
കുന്തളബന്ധത്തിൽ
വിടരും പിച്ചകനവകുസുമങ്ങൾ
തിരുകിച്ചന്തത്തിൽ
കോമളഗാത്രികൾ മണിമയഭൂഷണ-
മണിയും കണ്ണത്തിൽ
ശ്യാമളക്കുവളദളവും ചാത്തുവ-
തുണ്ടിക്കാലത്തിൽ. 19

പുരട്ടി മലയജപങ്കം തൻകുളിർ-
കൊങ്കയിൽ മാലകളും
ധരിച്ചു ഘനജഘനത്തിനു ചുററും
കാഞ്ചനകാഞ്ചികളും
സരസിജസുമസമചരണംതോറും
സുരുചിരപദസരവും
സരസമണിഞ്ഞു വിലാസിനിമണിമാർ
വിലസിടുമിഹ ദിനവും 20

മുഴമതിതാരകനിരയിവ പകരും
നിരുപമതരഭാസ്സിൽ
മുഴകിക്കരിമുകിലെന്നിയെ മിന്നിയ
നിമ്മലസുരനഭസ്സിൽ

മരതകമണിമയജലമെഴമാമ്പൽ-
പ്പൂവണിസരസൊന്നിൽ
തരളിതധവളമരാളം നീന്തും
കാന്തികൾ കാണുന്നോൻ. 21

നെയ്യാമ്പൽപ്പുതുമലരുകൾ പുൽകി-
കുളിരും വനവാതം,
പെയ്യാനുഴറും കരിമുകിലില്ലാ-
ത്തുള്ളൊരു തെളിവാനം,
സ്ഫടികംപോലെ തിളങ്ങുംസലിലം
വിമലം ഭൂമിതലം,
ഉഡുനിര, ഹിമകരനിവ ചേർന്നഴകി-
ന്നഴകായിക്കാലം. 22

പകലോൻ നാരീമുഖനിഭനീരജ-
നിരയെ മുകരുമ്പോൾ
വികസിതമായവ പാൽച്ചിരിചൊരിയും
നേരം പുലരുമ്പോൾ
അമ്പിളി മറയാൻ വെമ്പുകയാലേ
തളരുകയാണമ്പോ-
ടാമ്പൽപ്പൂവുകൾ വിളറും വിരഹിണി-
മാരുടെ ഹാസംപോൽ. 23

കുവളനീലദളങ്ങളിൽ വിലസും
പ്രിയജനനയനങ്ങൾ
കൂവും കളഹംസങ്ങളിലുയരും
നൂപുരരണിതങ്ങൾ

ചോപ്പുപരുത്തിപ്പൂവിൽത്തെളിയും
ചുണ്ടുകൾതന്നൊളിയും
ബാഷ്പമൊഴുക്കിപ്പാന്ഥരെയെല്ലാം
ഭ്രാന്തുപിടിപ്പിക്കും. 24

അമ്പിളിതന്നൊളിയമ്പിൽ നിതംബിനി-
മാരിൽച്ചേരുന്നു
ഇമ്പമെഴും കളഹംസാരവമധു
തളകളിലമരുന്നു
ചെമ്പവിഴച്ചൊടികളിൽ ബന്ധൂകം
കാന്തികൾ പകരുന്നു
വെമ്പലൊടേവം ശരദമലശ്രീ
മറയാൻപോകുന്നു. 25

നളിനസുമോഹനവദനം നീലം
കുവലയനീൾനയനം
നലമൊടു നറുമണമുതിരും കാശ-
പ്പൂനിരയാം വസനം
ആമ്പൽത്തേന്മലർപുഞ്ചിരിയിവയാ-
ലഞ്ചിതമായിട്ടൾ-
ക്കാമ്പിൽക്കാമിനിപോലെ ശരത്തിതു
മോദം പകരട്ടേ! 26

## ഹേമന്തകാലം

കാട്ടുകൾചൂടീ പുതുചെന്തളിരുകൾ
മട്ടമലർ തിങ്ങീ പാച്ചോററികളിൽ.
വയലിൽ നെല്ലുപഴുത്തുവിളഞ്ഞൂ
ധരയിൽപ്പനിനീർമാരിചൊരിഞ്ഞൂ
ആമന്ദം ചാഞ്ഞരവിന്ദങ്ങൾ
ഹേമന്തം വന്നിങ്ങനെ മന്നിൽ. 1

കുന്ദസുമം, വെണ്മതികല, ഹിമകണ-
മെന്നിവപോൽക്കുളിരേന്തിക്കാണും
കാശ്മീരച്ചാർ തേച്ചുമനോഹര-
കാന്തികലന്നൊരു മുത്തണിഹാരം
ശീതളകുചകലശങ്ങളിലണിയാ-
നേതൊരു മാനിനിയിനിയും തുനിയും? 2

തോൾവള, തരിവളയിവ കരതളിരിൽ
യുവതികളിപ്പോളണിയുവതില്ല.
മൃദുലദുകൂലം ഘനജഘനങ്ങളി-
ലതുലകുതൂഹലദായകമല്ല.
പോർമുലമൊട്ടുകൾ പൊതിയാനിനിമേൽ
നേർമ്മയെഴും കുളിർപട്ടുകൾപോരാ. 3

കാഞ്ചനമണിമയകാഞ്ചികളരയിൽ
ചഞ്ചലമിഴിമാക്കണിയാൻ മടിയായ്.
കളഹംസാരവമാധുരി പകരും
കളധൗതാമലനൂപുരമാരും

നളിനോപമപദയുഗളങ്ങളിലി-
ട്ടൊളികൂട്ടിടുവാൻ തുനിയുന്നീല! 4

മഞ്ഞളരച്ചുകുഴമ്പുപുരട്ടി
മഞ്ജുളമെയ്യിൽപ്പൊൻകതിർനീട്ടി
കസ്തൂരിക്കുളിർ പത്തിക്കീററാൽ
നിസ്തുലമായ്ത്തുടുചെങ്കവിൾമാററി
കൊണ്ടൽക്കരിമുടി പുകയുംകാരകിൽ
കൊണ്ടഥ പരിമളപൂരിതമാക്കി
സുരതോത്സവസുഖലഹരിയിൽ മുഴുകാൻ
പുരസുന്ദരികളൊരുങ്ങീ മുഴുവൻ. 5

മദനമഹാരണമാടിത്തളരും
മദിരാക്ഷീമണിമാരെല്ലാരും
വദനം വിളറിപ്പോകിലുമുയരും
ഹൃദയാനന്ദം പുറമേ പകരാൻ
മുതിരവെ കാമുകരദനാവലിയാൽ
മുറിവേററധരം നീറീടുകയാൽ
പൊട്ടിച്ചിരിചൊരിയാതവർ ചിത്തം
പൊട്ടിച്ചിതറിക്കഴിവൂ നിത്യം 6

തഴുകിത്തടമുലയിണയൊടുചേർന്നവി-
ടഴകുവിടർത്തിയ കുളിരിൻദേവി
രാവിൽക്കാമുകമർദ്ദനമേററവ-
നോവിൽ വിങ്ങിവിറപ്പതുകാൺകെ
പുൽക്കൊടികളിലേ മഞ്ഞുകണത്താൽ
പുലരിയിൽ മിഴിനീർപെയ്യുകയത്രേ. 7

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P.O.
QUILON
SPORTS

പാടങ്ങളിൽ നെല്ലോലകളാടി
ചാടുന്നിളമാൻപേടകൾകൂടി
പാടും വെള്ളക്കൊക്കുകൾ നിറയും
നാടുകൾ പാടേ കവരും ഹൃദയം.

ലളിതം കോമളഹംസവിലാളിത-
മിളകും കുവലയദളപുടമിളിതം
നൽക്കുളിരരുളും തെളിനീർപ്പൂക്കള-
മുൾക്കളമേതൊരു നരനമിളക്കും. 9

നീളെപ്പൊഴിയും മഞ്ഞിൽമുഴുകി-
ച്ചൂളിക്കാററിൽച്ചില്ലകളിളകി
വിളറിയ ഞാഴൽവല്ലികൾ ചാലേ
വിലസി വിയോഗിനിമാരെപ്പോലെ. 10

മാരവികാരവിമോഹിതർ ദമ്പതി-
മാരെല്ലാരും മണിമെത്തകളിൽ
പുഷ്പാസവരസസുരഭിലമുഖവും
നിശ്വാസാനലവാസിതതനുവും
നന്നായ്ത്തമ്മിലണച്ചു മുകന്നി-
ട്ടൊന്നായിഹ സുഖശയനംതന്നെ. 11

അംഗനമാരുടെ പോർമുലയിണകളി-
ലെങ്ങും തിങ്ങും നഖമുദ്രകളും
ചെല്ലച്ചുണ്ടുകൾതോറും തെളിയും
പല്ലുകൾകൊണ്ടൊരു മുറിവിന്നൊളിയും
മദമൊടു തരുണര് നടത്തും നിർദ്ദയ-
മദനക്രീഡകൾ തെളിയിക്കുകയാം. 12

ഇളവെയിലിൽച്ചില ചലമിഴിമാർമുഖ-
നളിനം മണിമുകുരങ്ങളിൽ നോക്കി
ചന്തമിണക്കി മിനുക്കിടുമളവിൽ
ദന്തക്ഷതമധരത്തിൽത്തെളിവിൽ
കണ്ടു കരംത്തടമിളകിക്കാമുക-
കണ്ഠാശ്ലേഷസ്മരണയിൽ മുഴുകും. 13

ചിലർ സുരതശ്രമമരുളിയ ചടവാ-
ലലസകൾ പുലരിയിലെഴുന്നേററിടുവാൻ
കഴിവെന്യേ ചോപ്പണിയും മുഖമൊടു
കുഴയും ഭുജയുഗളങ്ങളിലൂടെ
കൊണ്ടൽക്കരിമുടി ചിതറിച്ചിളവെയിൽ-
ക്കൊണ്ടതിസുഖമൊടു നിദ്രയിലായി. 14

മാറ്റേറും പൊൻകുചഘടഭാരം
ഏററു കുനിഞ്ഞുകഴിഞ്ഞിടുവോരാം.
മററുള്ളംഗനമാർ ചിലർ പരിമള-
മററിതംവാടിയ മലർമാലകളെ
കററക്കരിമുകിൽ വേണിയിൽനിന്നും
മാററിച്ചുരുൾമുടി ചിക്കീടുന്നു. 15

ചികുരച്ചുരുളുകൾ ചിതറവെ മുഴുവൻ
വികസിക്കാതൊരു മിഴിയാലൊരുവൾ
ഇരവിൽക്കാമുകപരിഭുക്താംഗം
വിരവിൽ സ്മിതമൊടു കണ്ടതിവേഗം
പോർമുലകളിലേപ്പോററൽ മറയ്ക്കാൻ
പേറുകയായ് വെൺപട്ടുറവുക്ക! 16

വേറേചിലർ രതികേളീസിന്ധുവി-
ലേറെപ്പുലരുംവരെയും നീന്തി
തളരുകയാലേ പുളകിതമാകും.
തടമുലയിണയും തുടകളുമായി
ഉടവുകളകലാനൗഷധതൈലം
ഉടലിൽത്തടവീടുന്നിതുകാലം. 17

യുവതീജനമനമാകർഷിക്കും
വയലുകൾ യവമണികൊണ്ടു നിറയും
ദിക്കുകൾതോറുമുയർന്നുപറക്കും
കൊക്കുകൾതൻനിരയഴകുവിരിക്കും
ഏവം ഗുണകരഹിമമയകാലവു-
മേവർക്കും സുഖമേകീടാവൂ. 18

# ശിശിരകാലം

കരിമ്പുതോപ്പു നെല്ലലഞ്ഞു ചാഞ്ഞ നല്ല പാടവും
വരമ്പുതോറുമൊത്തു പാടിയാർത്തു കൊററിസംഘവും
തരിമ്പുമല്ലലേശിടാത്ത മങ്കമാരുമായ് വരും
വരിഷ്ഠശീതകാലമെൻെറ തങ്കമെത്ര സുന്ദരം. 1

വാതൽജനാലൊക്കെയാഞ്ഞടച്ച വീട്ടതന്നകം,
ആതപം സുഖപ്രദം, ജ്വലിച്ചിടുന്ന പാവകൻ,
കട്ടിവസ്ത്ര,മുള്ളിലിഷ്ടമുള്ള നല്ലപെണ്ണിവ
കിട്ടിടേണമാളുകൾക്കു തുഷ്ടിയിന്നു പൂകുവാൻ. 2

ചാരുചന്ദ്രരശ്മിയൊത്ത ചന്ദനം സുശീതളം
ശാരദേന്ദുനിർമ്മലം മനോജ്ഞമാളികത്തളം
മഞ്ഞിൽമുങ്ങിയാഞ്ഞുവീശിവന്നിടുന്ന വായുവും
നെഞ്ഞിൽമോദമാർക്കുമിന്നു നൽകുകില്ലൊരല്പവും. 3

നിരന്തരം പൊഴിഞ്ഞിടും തണുത്തമഞ്ഞിൽ നീന്തിയും
നിറംകുറഞ്ഞുമങ്ങിടുന്ന താരഹാരമേന്തിയും
ശശാങ്കനിങ്ങൊഴുക്കിടും നിലാവിൽ മുങ്ങിയും വരും
നിശാവരാംഗിയാളെയിന്നനാദരിച്ചിതേവരും. 4

മുറുക്കിചെഞ്ചൊടികൾ ചോപ്പുകൂട്ടി ഗന്ധലിപ്തമാം
മുഖം മിനുക്കി നല്ല മുല്ലമാല ചൂടി നാരിമാർ
അകംപുകഞ്ഞു മദ്യഗന്ധമുള്ള ചോരിവായുമായ്
അകിൽപുകച്ചിടും കിടക്കറയ്ക്കകത്തുപോകയായ്. 5

അന്യനാരിയോടുചേർന്ന തെറ്ററിഞ്ഞു ക്രുദ്ധയായ്
ഇന്നിവേണ്ട ബന്ധമെന്നു ചൊന്നുനിന്നമുഗ്ദ്ധയാൾ
ശീതവാതമേററു തെറ്റു വിസ്മരിച്ചു പ്രീതയായ്
ഭീതനായ നായകന്റെ മെയ്പുണർന്നുപോകയായ്. 6

മാരപീഡയുള്ളിലേററമുള്ള കാന്തർ നിർദ്ദയം
നാരിമാരെ രാവിലാകെയാഞ്ഞുപുൽകിയാകയാൽ
രാവിലേ തളർന്നെണീററു വേച്ചുവേച്ചു വേപ്പുനീർ
തൂവിടുന്ന മാറുമായ് നടന്നിതാനതാംഗിമാർ. 7

വരിഞ്ഞുകെട്ടി റൗക്കയിൽ ഞെരുങ്ങിടും കുചങ്ങളിൽ
വരിഷ്ഠമായ ചോപ്പുപട്ടുമിട്ടു മംഗളാംഗികൾ
വിരിഞ്ഞപൂക്കൾ നീലമേഘവേണിതന്നിൽ ഭംഗിയാ-
യണിഞ്ഞു ശീതദേവതയ്ക്കു പൂക്കളെങ്ങൾ തീക്ഷ്ണയായ്. 8

കുങ്കുമാങ്കിതങ്ങളായി സ്വർഗ്ഗസൗഖ്യദങ്ങളായ്
യൗവനോഷ്മളങ്ങളായ മാംസളസ്തനങ്ങളിൽ
മാർത്തടങ്ങൾ ചേർത്തമർത്തി ശീതബാധയെന്നിയേ
രാത്രിതന്നിൽ ഗാഢനിദ്രചെയ്വു ഭാഗ്യശാലികൾ. 9

ശ്വാസകമ്പമാനബിംബിതോല്പലേക്ഷണങ്ങളാൽ
ഭാസമാനമായ മാദകാസവം വിമോഹകം
പ്രാണനാഥരൊത്തനംഗവിഭ്രമത്തൊടംഗനാ-
റാണിമാർ കുടിച്ചു മത്തടിച്ചിടുന്ന രാത്രിയിൽ. 10

ഒരുത്തി കാമുകന്റെ നെഞ്ചമന്നഹോ! തകർന്ന തൻ
തുടുത്തിടും മുലത്തടം മറച്ചു കൈത്തലങ്ങളാൽ
തുടർന്നുകാന്തളക്കതമേനി കണ്ടകം തുടിച്ചുടൻ
കിടക്കവിട്ടൊരന്യമാം മുറിക്കകത്തു കേറിനാൾ. 11

അകിൽമണം കലർന്നിട്ടും ചുരുൾമുടിക്കകെത്തുനി-
ന്നകററി പുഷ്പമാല പൊന്നുഷസ്സിലേകസുന്ദരി
കുലുങ്ങിടും നിതംബബിംബമോടു താന്തമദ്ധ്യയായ്
കുണുങ്ങിനീങ്ങി ശയ്യവിട്ടകന്നിടുന്നു മന്ദമായ്. 12

കണ്ണപാൾചകത്തിൽ നീണ്ടു കോണിൽ ശോണവണ്ണമാം
കണ്ണുകൾ മുഖങ്ങളും സുവണ്ണപങ്കജോപമം
ക്ഷാളനംനടത്തി ലക്ഷ്മിപോലുഷസ്സിൽ യോഷമാർ-
തോളിൽ വേണി ചിന്നിമിന്നിടുന്ന മന്ദിരങ്ങളിൽ. 13

ഭാരമുള്ള ശ്രോണിയാൽ പ്രവൃദ്ധമാം കുചങ്ങളാൽ
ചാരുമേനി തെല്ലു ക്രുനി മെല്ലെ നീങ്ങി മങ്കമാർ
മാരകേളിയാർന്നനേരമിട്ട നേർത്ത ചട്ടകൾ
ഊരിമാററിയിട്ടിടുന്നു കട്ടിയുള്ള കഞ്ചുകം. 14

നഖക്ഷതങ്ങൾ തിങ്ങിടും സ്തനങ്ങൾകണ്ടു സുന്ദരം
സുഖേന തൊട്ടുനോക്കി ദന്തഭിന്നപല്ലവാധരം
സുഹാസരോമഹർഷമാർന്നു തനചിമാർ പുലച്ച്യിൽ
മുഖാംബുജം സുമോഹനം മിനുക്കിടുന്നു ഭംഗിയിൽ. 15

കോമളം ഗുളം കരിമ്പു നെല്ലുമുല്ലസിച്ചിടും
കാമകേളിമേളമിങ്ങു കേമമായ്നടന്നിടും
കാമിനീവിയുക്തർ മാത്രമുള്ളിലല്ലലാർന്നിടും
കാമിതങ്ങളേവമിങ്ങു ശീതകാലമേകിടും. 16

# വസന്തകാലം

വിരിയും നവചൂതാങ്കുര-
ബാണാവലി കാണായ്
വിരിയും വരിവണ്ടിൽനിര
വില്ലിൻ മണിഞാണായ്
പുളകാഞ്ചിത കാമീജന-
ഹൃത്തിൽക്കൊടികുത്തി-
പ്പുളയാൻ മധുയോധൻ മദ-
മാർന്നങ്ങനെയെത്തി. 1

മലരിൻനിര മരമാകവെ
ചെന്താമര സരസിൽ
ചലനേത്രകൾ രതസജ്ജകൾ
മണമേന്തിയ തെന്നൽ
സുഖദായകവരസന്ധ്യകൾ-
തെളിവുള്ള ദിനങ്ങൾ
അഖിലം മധുകാലത്തതി-
രുചിരം ധരതന്നിൽ. 2

തെളിനീർപ്പുതുപൂമ്പൊയ്കകൾ
മണി കാഞ്ചനകാഞ്ചി
തെളിയും കുളിർപൂഞ്ചന്ദ്രിക
കൊഞ്ചും വധുസംഘം

മലർതിങ്ങിയ തേന്മാവുക-
ളിവയാലതിമധുരം
മധുകാലമിതരുളുന്നിതു
പരനിർവൃതി നിതരാം. 3

കളിർകുങ്കുമമിളിതം തളിർ-
ച്ചെമ്പട്ടുകൾ ചാർത്തി
കളഭാഷിണിമാർതൻ ഘന-
മേറും ജഘനത്തിൽ
ഇളകും കുചകുംഭത്തിലു-
മഴകിന്നലനീർത്തി
പുളകോത്സവമരുളുന്നിതു
മധുവീ ഭുവനത്തിൽ. 4

കൊന്നക്കണി മലരിന്നിതൾ
കാതിൽച്ചുരുൾ മുടിയിൽ
മിന്നുന്നൊരശോകം കട-
മല്ലപ്പൂങ്കുലയും
ഒന്നിച്ചൊളിയാർന്നങ്ങനെ
ചേർന്നംഗനമാർ ത-
ന്നംഗങ്ങളിലെങ്ങും പുതു-
പൊന്നിൻകതിർ ചിന്നി. 5

മാരാതുരമാരംഗന-
മാരുന്നതമാറിൽ
മാറാതിളകീടും മണി-
ഹാരാവലി ചേരി

തോളിൽ വള കൈയിൽ വള
പൊൻകാഞ്ചിയുമരയിൽ
മേളിച്ചതിമേളത്തൊട്ടു
ശോഭിച്ചവർ ധരയിൽ. 6

വർണ്ണോജ്ജ്വലപത്രാവലി-
യുള്ളോമനകളുടെ
സ്വർണ്ണോപമവദനാമല-
കമലങ്ങളിലൂടെ
തെളിവേർപ്പണി വെൺമുത്തുക-
ളിളകുമ്പൊഴുതുടനേ
ഉളവാം നവമണിഭൂഷക-
ളണിയുന്നഴകവിടെ. 7

അംഗങ്ങളിലിറുകുന്നുട-
വസ്ത്രങ്ങളയച്ചും
തുംഗോരസി തിങ്ങും ചുട്ടു-
നെടുവീർപ്പുകൾ വിട്ടും
വിങ്ങുന്നൊരനംഗാർത്തിയിൽ
മുങ്ങും മതിമുഖിമാ-
രെങ്ങും പ്രിയസംഗത്തിനു
കാത്തങ്ങനെ വാഴ്‌വൂ. 8

മദനൻ മതിമോഹം തരു-
മളവിൽത്തനു തളരാ
മദിരാക്ഷികൾ മണിവായ്‌മലർ
കോട്ടിക്കരളുരുകി

മദമന്ഥരമൃദുമെയ്ത്തളിർ
വിളറീട്ടഴൽ പെരുകി
അതിസംഭ്രമ പരികമ്പിത-
ഹൃദയത്തൊടു മരുവി. 9

ചടുലാകൃതി മദിരാലസ-
മിഴിയിൽ,ക്കവിളിണയിൽ
ചടവാൽ വിളറിടുവോൻ, തട-
മുലമേലതികഠിനൻ,
നടുവിൽ നതനാവോ,നഥ-
ജഘനേ ഘനസാരൻ,
മടവാർമണിമാരിൽപ്പല-
വിധമിങ്ങനെ മാരൻ. 10

നിദ്രാലസലാസ്യാംഗികൾ
മദലാലസ മധുര-
സ്നിഗ്ദ്ധാമലവാക്യാമൃത-
മൊഴുകും മുഖമെഴുവോർ
വളയും പുരികത്തോടൊളി-
കൺകോണുകൾ നീട്ടി
വളരും സ്മരദുരിതാഗ്നിയി-
ലുരുകുന്നിതു നാട്ടിൽ. 11

കസ്തൂരിക, ഞാഴൽപ്പൊടി,
കുളിർ ചന്ദനമെന്നീ
വസ്തുക്കളിൽ മഞ്ഞൾപ്പൊടി
സിന്ദൂരവുമൊന്നായ്

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB & G MNAS U

ചാലിച്ചതിധവളം തട-
മുലമേൽത്തടവീട്ടും
ചേലേറിട്ടമലസാംഗികൾ
സുഖമായ് മരുവീട്ടും. 12

കട്ടിത്തുണിയംഗങ്ങളിൽ
നിന്നാളുകൾനീക്കി
പെട്ടെന്നവർ ലാക്ഷാരുണ-
രസരഞ്ജിതമാക്കി
തുഷ്ട്യാ കരിയകിലിൻമണ-
മിളകും മൃദുലോലം
പട്ടാടകളണിയുന്നിതു
രസമോടിതുകാലം. 13

തേൻമാന്തെളിമധുവിൻമദ-
മാന്നാൺകുയിലിണകൾ
തൻമെയ്ത്തളിർ മുകരുന്നിതു
പൊൻകൊക്കുകളുരസി
വരിവണ്ടുകൾ തേനുണ്ടു മു-
രണ്ടംബുജമലരിൽ
അരികത്തെഴമിണകൾക്കതി-
രസമേകുകയായി. 14

മൃദുചെന്തളിരിലമൊട്ടുകൾ
മലർമഞ്ജരിയിവയാൽ
നതമാം നറുതേന്മാവുകൾ
കളിർവായുവിലുലയും

പൂഞ്ചില്ലകളോടൊത്തണി-
ന്നൃത്തം തുടരുമ്പോൾ
നെഞ്ചിൽക്കളമൊഴിമാർക്കഴ-
ലരുളും മലരമ്പൻ. 15

ഭുവി ചെങ്കതിർവിതറീട്ടടി
മുടിയോളവുമണിയായ്
പവിഴപ്പൂവി വഴിയുംപടി
പുതുപൂങ്കുലയണിയും
തളിർച്ചൂട്ടമശോകങ്ങളിൽ
മിഴിനീളവെ വേഗം
തരുണർക്കകതളിരിൽത്തിര-
യിളകുന്നിതു ശോകം. 16

മദമോഹിതമധുപാകുല-
വികസൽസുമസഹിതം
മൃദുമാരുതപരിലാളിത-
നവപല്ലവഭരിതം
കുടമുല്ലകൾ പടരുംനെടു-
സഹകാരതരുക്കൾ
പിടയും യുവഹൃദയങ്ങളെ-
യുൽക്കണ്ഠിതമാക്കും. 17

തരുണീമുഖസരസീരുഹ-
സമമായ കുറിഞ്ഞി-
ത്തരുമഞ്ജരിയുടെ ചെഞ്ചൊടി
വിടരുന്നതു കാൺകെ

ഉതിരുംസ്മരശരമാരിയിൽ
മനതാരിതൾ മുഴകി
ഉളവാം ഹൃദയാലുക്കളി-
ലതിവേദനയുലകിൽ. 18

ചുടു തീച്ചുടപടരുംപടി
കാററത്തിളകീട്ടും
വിടരും മട്ടുമലർചൂടിയ
പ്ലാശിൻതരുനിരയാൽ
വിലസും ധര മധുവിൻ വര-
വിങ്കൽ നവവധുപോൽ
വിലയേറിയ ചെമ്പട്ടുക-
ളണിയുംവിധമായി. 19

തത്തത്തളിർചുണ്ടൊത്തൊരു
പ്ലാശിൻമലർനിരയും
തത്തിക്കളിയാട്ടുംകുളിർ-
കൊന്നക്കണിമലരും
മധുരം കുയിൽനാദത്തെളി-
മധുവും വധുമാരിൽ
മനമാഴ്ന്നിട്ടവോരിൽച്ചൊരി-
യുന്നു കനൽമാരി. 20

കളകോമളപികകൂജന-
ബഹളങ്ങളുമുയരെ-
ക്കിളരും മദകലമാം മധു-
കരമർമ്മരരവവും

വിനയാനമിതലജ്ജാഞ്ചിത-
സകലാംഗനമാക്കും
വിനയായ് മനമത്യാകുല-
തരളീകൃതമാക്കും. 21

മലർത്തിങ്ങിയ മാങ്കൊമ്പുകൾ
പരികമ്പിതമാക്കി
മധുരം പികഗാനം പലദിശി
നീളെയൊഴുക്കി
ഹിമശീകരപരിപീഡന-
ഭയമെന്നിയെ മന്നിൽ
ഹൃദയങ്ങളെ വിജയിച്ചിഹ
വീശുന്നിതു തെന്നൽ. 22

സുമുഖീജനസുമനോഹര-
ധവളസ്മിതശോഭാ-
സമമാംകുടമുല്ലക്കുളിർ-
സുമമേന്തിയ വാടി
മഹിതം മുനിമനവും ഹ! ഹ!
സമ്മോഹിതമാക്കും
മഹിയിൽ യുവസുഖലോലുപ-
കഥകൾ കഥമോതും? 23

പൊന്മേഖലയരയിൽ മണി-
മാല്യം മുലയിണമേൽ
ഉന്മത്തതയഥമന്മഥ-
മഥിതം തനുതന്മേൽ

ഇമ്മട്ടെഴമലസാംഗികൾ
കുയിൽവണ്ടുകളിവയൊ-
ത്തമ്മാനകളാടുന്നിവി-
ടാരാധകഹൃദയം. 24

വെയിലിൽ മരനിര മർമ്മര-
രവമോടൊളിപകരും
കുയിലിൻകുലമിളകിക്കള-
മധുരസ്വരമുതിരും
ഗിരിസാനുവിൽ മണമേറിയ
വനരോസകൾ വിടരും
പരനിർവൃതിഗിരിമേഖല
തരുമിങ്ങനെ നിതരാം. 25

മലർതിങ്ങിയ തേന്മാവുക-
ളഴകിൽ വഴിവക്കിൽ
മതിമങ്ങിയ വിരഹാകുല-
പഥികാവലി നോക്കി
മിഴിപൊത്തിടുമഴലാർന്നവർ
കരയും കരതളിരാൽ
വഴിയും മണമൊഴിവാക്കിടു-
മുതിരും പലമൊഴിയും. 26

കുഴലൂതിടുമോമൽക്കുയിൽ,
വരിവണ്ടുകൾ, മാമ്പൂ-
ങ്കുലകൾ, കുളിർകൊന്നക്കണി-
മലരീവകയമ്പാൽ

കുഴയും മട്ടമൊഴിമാരുടെ
മാറിൽ മധുമാസം
കുഴികുത്തുകയായ് മാരന്നു
തുടരാനധിവാസം. 27

മാമ്പൂവൊക്കെയുമമ്പുകൾ, മണമെഴും
പ്ലാശിൻ മലർ വില്ലുതാൻ
മാൺപെറും മണിഞാൺ ദ്വിരേഫനിരകൾ
പൂർണ്ണേന്ദു വെള്ളക്കുട,
സ്തോത്രം ചെയ്വവർ പൂങ്കുയിൽ മദഗജം
തെക്കൻ കുളിർത്തെന്നലും
ചേർത്തേവം ധര വെന്നു കാമനരുളും
ഭവ്യം വസന്തപ്രിയൻ!

★

## ഋതുസംഹാരത്തെപ്പററി

"...കാളിദാസകവിതയുടെ ലാളിത്യവും സൗന്ദര്യവും തെല്ലുപോലും ചോൎന്നുപോകാതെ ഋതുസംഹാരത്തെ ഭാഷാന്തരീകരിച്ചിരിക്കുന്ന ഉഭയഭാഷാപണ്ഡിതനായ അച്യുതൻ കേരളീയസഹൃദയന്മാരുടെ അഭിനന്ദനാദരങ്ങൾക്കു തികച്ചും അർഹനായിത്തീൎന്നിരിക്കുയാണു്. ശാകുന്തളാദികൃതികളുടെ പിമ്പേ നമ്മുടെ പണ്ഡിതകവികൾ പരക്കംപാഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്തു് അവരുടെ തർജ്ജമഭ്രാന്തിനു വിഷയമായിട്ടില്ലാത്ത കാളിദാസന്റെ അകൃത്രിമസുന്ദരമായ ഈ ആദ്യകാലകൃതിയിലേക്കു ശ്രദ്ധതിരിച്ച വിവൎത്തകന്റെ ഉചിതജ്ഞത ശ്ലാഘനീയംതന്നെ. ഈ പരിഭാഷയിലെ കൎണ്ണസുഖം നൽകുന്ന ഈരടികൾ തനി മലയാളവൃത്തങ്ങളുടെ സംഗീതാത്മകതയുടേയും ഭാവോദ്ദീപകതയുടേയും സന്ദേശവാഹികളായിക്കൂടി എനിക്കു തോന്നുന്നു...."

(1959-ലെ കാളിദാസജയന്തിയോടടുപ്പിച്ചു് തിരുവനന്തപുരം സാഹിത്യമണ്ഡലം സംഘടിപ്പിച്ച ഋതുസംഹാരകാവ്യചർച്ചയിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു് ശ്രീ വെണ്ണിക്കുളം ചെയ്ത പ്രസംഗത്തിൽനിന്നു്.)

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

കാളിദാസന്റെ

# ഋതുസംഹാരം



വിവർത്തകൻ
മാവേലിക്കര
അച്യുതൻ

Indic Digital Archive Foundation
gpura.org